1. ഇ.ബി. XIII-കേരള നിയമസഭ/XI-3

# പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

# നിയമസഭാ നടപടികൾ- സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

## 2014 ജൂൺ 11, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## അടിയന്തര പ്രമേയം

### വിലക്കയറ്റം

മി. സ്പീക്കർ: ഭക്ഷ്യവസ്തുക്കൾ ഉൾപ്പെടെ അവശ്യവസ്തുക്കൾക്കെല്ലാം വില കുതിച്ചുയർന്നുകൊണ്ടിരിക്കുകയും പൊതുവിതരണ സമ്പ്രദായം പാടെ അവതാളത്തിലാകുകയും വിലക്കയറ്റം പിടിച്ചുനിറുത്താനുള്ള വിപണി ഇടപെടലിൽനിന്ന് സർക്കാർ പൂർണ്ണമായും പിൻവാങ്ങുകയും ചെയ്തിരിക്കുന്നതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സംബന്ധിച്ച് സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി.തിലോത്തമൻ, ഇ. പി. ജയരാജൻ, ജോസ് തെറ്റയിൽ, എ.കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച്

നോട്ടീസ് നൽകിയിട്ടുണ്ട്.

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): അന്യസംസ്ഥാനങ്ങളുടെ വിപണിയിൽ ഉണ്ടാകുന്ന നേരിയ ചലനങ്ങൾപോലും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ടെങ്കിലും സർക്കാരിന്റെ സമയോചിതമായ നടപടികളിലൂടെയും നയപരിപാടികളിലൂടെയും അതിന് ആശ്വാസം കണ്ടെത്തുന്നുണ്ട്. പൊതുവിതരണ സമ്പ്രദായത്തിലൂടെ വിവിധ ജനവിഭാഗങ്ങൾക്കായി അലോട്ട് ചെയ്തുവരുന്ന ഭക്ഷ്യധാന്യങ്ങൾ സർക്കാരിന്റെ വിവിധ ഏജൻസികളിലൂടെ വിതരണം നടത്തി വിലക്കയറ്റം നിയന്ത്രിക്കുന്നുണ്ട്. കരിഞ്ചന്ത, പൂഴ്ത്തിവയ്പ് എന്നിവ തടയുന്നതിനായി പരിശോധന നടത്തുകയും കൃത്രിമ ക്ഷാമം സൃഷ്ടിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സപ്ലൈകോ ഉൾപ്പെടെയുള്ള വിവിധ ഏജൻസികൾക്ക് സർക്കാർ തുക ലഭ്യമാക്കുന്നുണ്ട്. നിത്യോപയോഗ സാധനങ്ങൾ വിൽക്കുന്ന വ്യാപാര സ്ഥാപനങ്ങളിൽ വില/സ്റ്റോക്ക് വിവര പട്ടിക പ്രദർശിപ്പിക്കുന്നുണ്ടോയെന്ന് കൃത്യമായി പരിശോധിക്കുന്നതുവഴി വില ഏകീകരണത്തിനുള്ള സാഹചര്യങ്ങൾ ഒരുക്കുന്നുണ്ട്. ഉത്സവകാലത്തോടനുബന്ധിച്ച് പരിശോധനകൾ കർശനമാക്കുന്നതാണ്. വില നിയന്ത്രിച്ചുനിർത്തുന്നതിന് സാദ്ധ്യമായ എല്ലാ നടപടികളും ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

ശ്രീ. പി. തിലോത്തമൻ : സംസ്ഥാനത്ത് അരി, പച്ചക്കറി, പഴവർഗ്ഗങ്ങൾ, മാംസം, മത്സ്യമുൾപ്പെടെയുള്ള എല്ലാ ഭക്ഷ്യ വസ്തുക്കളുടെയും വിലവർദ്ധനവിനെത്തുടർന്ന്

ജനജീവിതം ദുസ്സഹമായിരിക്കുകയാണ്. അതോടൊപ്പം ബസ് ചാർജ്ജും, വൈദ്യുതി ചാർജ്ജും വെള്ളക്കരവും വർദ്ധിപ്പിച്ച് ജനങ്ങളുടെമേൽ ഇരുട്ടടി നൽകുന്ന സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. സിവിൽ സപ്ലൈസ് കോർപ്പറേഷനോ മറ്റ് ഏജൻസികൾക്കോ മാർക്കറ്റിലിടപെട്ട് വിലക്കയറ്റം പിടിച്ചുനിർത്താൻ കഴിയുന്നില്ല. ഭക്ഷ്യ വസ്തുക്കൾ മൊത്തമായി സംഭരിക്കാനുള്ള സംവിധാനമില്ല. കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും ഊഹക്കച്ചവടവും നടമാടുമ്പോൾ അതിനെതിരെ ഒരു നടപടിയും സ്വീകരിക്കാൻ കഴിയുന്നില്ല. കടകളിൽ വില വിവരപ്പട്ടിക പ്രദർശിപ്പിക്കുന്നില്ലെന്നുമാത്രമല്ല അത് പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങളും ഫലപ്രദമല്ല. നിത്യോപയോഗ സാധനങ്ങളുടെ വിലയിൽ 87 ശതമാനത്തിന്റെ വർദ്ധനവാണുണ്ടായിരിക്കുന്നത്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമായി പൊതു വിതരണ സമ്പ്രദായത്തിന്റെ വലിയ ശൃംഖല തീർത്തിട്ടുണ്ടെങ്കിലും അതൊന്നും ഫലപ്രദമല്ലാത്ത അവസ്ഥയിലേയ്ക്ക് എത്തിയിരിക്കുകയാണ്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി സബ്സിഡൈസ്ഡ് റേറ്റിൽ വിതരണം ചെയ്തിരുന്ന 13 ഇനം നിത്യോപയോഗ സാധനങ്ങളുടെ എണ്ണവും അളവും കുറച്ചു. സപ്ലൈകോ സ്റ്റോറുകൾ വഴി മാർക്കറ്റ് വിലയെക്കാൾ കൂടിയ നിരക്കിൽ നോൺ സബ്സിഡി സാധനങ്ങൾ വിൽക്കുകയാണ്. റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന എല്ലാ സാധനങ്ങളുടെയും അളവ് കുറച്ചു. പൊതുവിതരണ ശൃംഖലയെ തകർത്ത് തരിപ്പണമാക്കി വിലക്കയറ്റത്തിന് അവസരമൊരുക്കുകയാണ് സർക്കാർ ചെയ്യുന്നത്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി

(ശ്രീ. അനൂപ് ജേക്കബ്) : വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി പൊതുവിപണിയിലും പൊതുവിതരണ കേന്ദ്രങ്ങളിലും കർശന പരിശോധനകൾ നടത്തുന്നുണ്ട്. വിലവിവരപ്പട്ടിക പ്രദർശിപ്പിക്കാത്തവർക്കെതിരെ നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തിന് അർഹതപ്പെട്ട ഭക്ഷ്യധാന്യങ്ങൾ കൃത്യമായ അളവിൽ ലഭ്യമാക്കാനാവശ്യമായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. നബാർഡിന്റെ സഹായത്തോടെ ആറ് പുതിയ ഗോഡൗണുകളുടെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതാണ്. പതിമൂന്നിനം സബ്സിഡി സാധനങ്ങൾ സപ്ലൈകോവഴി വിതരണം ചെയ്യുന്നുണ്ട്. സബ്സിഡി സാധനങ്ങളുടെ അളവും റേഷൻകടക്കാരുടെ കമ്മീഷനും വർദ്ധിപ്പിക്കുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുന്നതാണ്. 129 ഔട്ട്ലെറ്റുകളും ഏഴ് മെഡിക്കൽ സ്റ്റോറുകളും ആരംഭിച്ചിട്ടുണ്ട്. കുടുംബശ്രീ യൂണിറ്റുകൾ അടക്കമുള്ളവയുടെ ഉല്പന്നങ്ങൾ സപ്ലൈകോ വഴി വിതരണം ചെയ്യുന്നുണ്ട്. വിലവർദ്ധനവ് നേരിടാൻ സാധ്യമായ എല്ലാ നടപടികളും ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : ജനങ്ങൾ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നമാണ് വിലക്കയറ്റം. കഴിഞ്ഞ മൂന്ന് വർഷം റേഷൻ സബ്സിഡിക്ക് പുറമേ നിത്യോപയോഗ സാധനങ്ങൾ വിപണിയിലെത്തിക്കാനായി 573.5 കോടി രൂപ ഗവൺമെന്റ് ചെലവഴിച്ചിട്ടുണ്ട്. ഹോട്ടലുകളിലെ വില നിയന്ത്രിക്കുന്നതിന് നിയമനിർമ്മാണം നടത്തുന്നകാര്യം ഗവൺമെന്റിന്റെ പരിഗണനയിലാണ്. പച്ചക്കറി വിലവർദ്ധനവ് നിയന്ത്രിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കും.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ. വി. എസ്. അച്യുതാനന്ദൻ, സി. ദിവാകരൻ, മാത്യു റ്റി. തോമസ്, തോമസ് ചാണ്ടി എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്നും പുറത്തുപോകുകയും അൽപ്പസമയത്തിനകം തിരിച്ചുവരികയും ചെയ്തു.)

## ശ്രദ്ധക്ഷണിക്കൽ

### (1) റബ്ബറിന്റെ വിലയിടിവ്

(ഇതേ വിഷയം സംബന്ധിച്ച് ശ്രീ. പി.റ്റി.എ. റഹീം സബ്മിഷന് നോട്ടീസ് നൽകിയിട്ടുണ്ട്)

ചീഫ് വിപ്പ് (ശ്രീ. പി.സി. ജോർജ്): സ്വാഭാവിക റബ്ബറിന്റെ വിലയിടിവുമൂലം റബ്ബർ കർഷകർ പ്രതിസന്ധിയിലായിരിക്കുകയാണ്. റബ്ബറിന് ന്യായവില നൽകുന്നതിനു പകരം ഇറക്കുമതി പ്രോത്സാഹിപ്പിക്കുന്നത് ശരിയായ നടപടിയല്ല. റബ്ബറിന്റെ ഇറക്കുമതി തീരുവ വർദ്ധിപ്പിക്കണം. റബ്ബർ റീപ്ലാന്റിംഗിന് അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. റബ്ബറിന്റെ അവധി വ്യാപാരം നിർത്തലാക്കണം. റബ്ബർ കർഷകർക്കുള്ള സബ്സിഡി വർദ്ധിപ്പിച്ച് യഥാസമയം വിതരണം ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. ദീർഘകാല വിലസ്ഥിരതയ്ക്കായി റബ്ബറിന് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തണം. റബ്ബർ സംഭരണത്തിനുള്ള സംസ്ഥാന വിഹിതമായി 100 കോടി രൂപ മാറ്റിവയ്ക്കുന്നതിനും കിലോയ്ക്ക് 10 രൂപ നിരക്കിൽ സംഭരിച്ച് റബ്ബർ കർഷകരെ സംരക്ഷിക്കുന്നതിനും നടപടിയുണ്ടാകണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): അന്തർദ്ദേശീയ മാർക്കറ്റിലുണ്ടായ

വിലയിടിവുമൂലമാണ് സംസ്ഥാനത്ത് സ്വാഭാവിക റബ്ബറിന് വിലയിടിവുണ്ടായത്. ക്രമാതീതമായ വിലയിടിവിൽ നിന്നും റബ്ബർ കർഷകരെ സംരക്ഷിക്കുന്നതിനായി റബ്ബർ മാർക്ക്, മാർക്കറ്റ് ഫെഡ്, റബ്ബർ പ്രൊഡ്യൂസിംഗ് കമ്പനി എന്നിവയ്ക്ക് ഹാന്റ് ലിംഗ് ചാർജ്ജായി കിലോയ്ക്ക് 6 രൂപ നിരക്കിൽ നൽകി മാർക്കറ്റ് വിലയിൽ നിന്ന് ഓരോ ദിവസവും രണ്ട് രൂപ വീതം കൂട്ടി 171 രൂപയിലെത്തുന്നതുവരെ റബ്ബർ സംഭരിക്കാൻ തീരുമാനിച്ചിരുന്നു. തെരഞ്ഞെടുപ്പ് പ്രഖ്യാപനം വന്നതുകൊണ്ടും കോടതിയിൽ കേസ് നിലനിൽക്കുന്നതിനാലും റബ്ബർ സംഭരണവുമായി മുന്നോട്ടുപോകാൻ സാധിച്ചിട്ടില്ല. 20 ശതമാനമോ 30 രൂപയോ ഏതാണോ കുറവ് എന്ന രീതിയിൽ റബ്ബറിന്റെ ഇറക്കുമതി തീരുവ കേന്ദ്രസർക്കാർ വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. റബ്ബർ കർഷകരെ സഹായിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## (2) വ്യവസായ - നിർമ്മാണമേഖലകൾ നേരിടുന്ന പ്രതിസന്ധി

1. ശ്രീ. എളമരം കരീം : സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെല്ലാം ഗുരുതരമായ പ്രതിസന്ധി നേരിടുകയാണ്. കേരളത്തിന്റെ അഭിമാനമായ എഫ്.എ.സി.റ്റി.ക്ക് കേന്ദ്രസർക്കാരിന്റെ അടിയന്തിര ധനസഹായം ലഭ്യമായില്ലെങ്കിൽ അടച്ചുപൂട്ടുന്ന സ്ഥിതിയുണ്ടാകുമെന്നതിനാൽ ഈ സ്ഥാപനം പുനരുദ്ധരിക്കാനായി പൊതുമേഖലാ പുനരുദ്ധാരണ ബോർഡ് ശുപാർശ ചെയ്ത പാക്കേജിന് കേന്ദ്ര സർക്കാരിൽനിന്നും അംഗീകാരം നേടിയെടുക്കാൻ സംസ്ഥാന സർക്കാർ നേതൃത്വം കൊടുക്കണം. സംസ്ഥാന സമ്പദ്ഘടനയിൽ നിർണ്ണായക പങ്ക് വഹിക്കുന്ന കൊച്ചി തുറമുഖം വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ കമ്മീഷൻ ചെയ്തതിനുശേഷം

പ്രതിസന്ധിയിലായിരിക്കുകയാണ്. നാനൂറ് കോടി രൂപയെങ്കിലും ഗ്രാന്റ് ലഭ്യമാക്കി പ്രസ്തുത തുറമുഖത്തെ പ്രവർത്തനക്ഷമമാക്കുന്നതിനും ഡ്രഡ്ജിംഗിന്റെ ചെലവ് കേന്ദ്രസർക്കാർ വഹിക്കുന്ന നിലയിൽ ഐ.സി.റ്റി. റ്റി.എ.യുമായിട്ടുള്ള കരാർ പുതുക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം. കൊച്ചിൻ ഷിപ്പിയാർഡും ഹിന്ദുസ്ഥാൻ ഓർഗാനിക് കെമിക്കൽസും ഗുരുതരമായ പ്രതിസന്ധി നേരിടുകയാണ്. എച്ച്.എം.റ്റി.യെ പുനരുദ്ധരിക്കുന്നതിനുവേണ്ടി ബി.ആർ.പി.സി. ശുപാർശ ചെയ്ത എഴുപത്തിയഞ്ച് കോടി രൂപയുടെ സഹായം ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കണം. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ഫാക്ടറി, കഞ്ചിക്കോട് ഐ.റ്റി.ഐ., ഐ.ആർ.ഇ.എൽ., ഹിന്ദുസ്ഥാൻ ഇൻസെക്ടിസൈഡ്സ് ലിമിറ്റഡ് തുടങ്ങിയ സ്ഥാപനങ്ങളും പുനരുദ്ധരിക്കപ്പെടണം. കെ. എസ്. ആർ.ടി. സി.യെ തകർച്ചയിൽനിന്ന് രക്ഷിക്കുകയും പുനരുദ്ധരിക്കുകയും വേണം. ചെലവുകുറഞ്ഞ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് ഊന്നൽ കൊടുത്തുകൊണ്ട് വ്യവസായ മേഖലയേയും നിർമ്മാണ മേഖലയായ ഓട്ടുവ്യവസായം, മണൽ ഖനനം, പാറഖനനം തുടങ്ങിയവയേയും സംരക്ഷിക്കണം. കേരളത്തിന്റെ റെയിൽവേ വികസനം സാദ്ധ്യമാക്കുന്നതിനായി മതിയായ ഫണ്ട് വകയിരുത്തണം. സംസ്ഥാനത്തിന് അനുവദിച്ച പുതിയ കോച്ച് ഫാക്ടറി പ്രാവർത്തികമാക്കണം. ഉൽപ്പാദനമേഖലയിൽ കൂടുതൽ തൊഴിലവസരം സൃഷ്ടിക്കണം. കുടിവെള്ളം, വൈദ്യുതി, ഗതാഗതം തുടങ്ങിയ അവശ്യമേഖലകൾ പുനരുദ്ധരിക്കാനുള്ള നയം ആവിഷ്ക്കരിക്കണം.

മുഖ്യമന്ത്രി <u>(ശ്രീ. ഉമ്മൻ ചാണ്ടി):</u> പൊതുമേഖലാ സ്ഥാപനങ്ങൾ പല

തരത്തിലുള്ള വെല്ലുവിളികൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എഫ്.എ.സി.റ്റി.യുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ ആദ്യംമുതൽതന്നെ ഇടപെടലുകൾ നടത്തുകയുണ്ടായി. പ്രസ്തുത സ്ഥാപനത്തിന്റെ പുനരുദ്ധാരണത്തിനായി ഒരു പാക്കേജിന് രൂപം കൊടുത്തെങ്കിലും ഇലക്ഷൻ പ്രഖ്യാപിച്ചതുകാരണം അതിന് അംഗീകാരം നേടിയെടുക്കാനായില്ല. ഇപ്പോൾ അഞ്ഞൂറ്റിയമ്പത് കോടിരൂപയുടെ ഒരു പാക്കേജ് തയ്യാറാക്കി കേന്ദ്രത്തിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. തദ്ദേശവാസികളുടെ ഇടപെടൽമൂലം കമ്പനി ഉദ്ദേശിക്കുന്ന സ്ഥലങ്ങൾ ഏറ്റെടുക്കാനോ ഖനനം നടത്താനോ സാധിക്കുന്നില്ല എന്നതാണ് ഐ.ആർ.ഇ.എൽ. നേരിടുന്ന പ്രശ്നം. കേന്ദ്ര ഗവൺമെന്റ് താൽക്കാലികമായി എച്ച്.ഒ.സി.-യുടെ ഉൽപ്പന്നങ്ങൾക്ക് ആന്റി ഡമ്പിംഗ് ഡ്യൂട്ടി ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും മൂലധനത്തിന്റെ അപര്യാപ്തത അവരുടെ പ്രവർത്തനത്തെ ബാധിക്കുന്നുണ്ട്. അവരിൽനിന്ന് ഉൽപ്പന്നങ്ങൾ വാങ്ങുന്നതിനുള്ള നിർദ്ദേശം കെ.എസ്.ഇ.ബി.-ക്ക് കൊടുത്തിട്ടുണ്ട്. കൊച്ചിൻ ഷിപ്പ് യാർഡിന് അടിയന്തരമായി കേന്ദ്രത്തിൽനിന്ന് സാമ്പത്തിക സഹായം ലഭിക്കേണ്ടതുണ്ട്. കൊച്ചി തുറമുഖത്തിന്റെ ആഴം കൂട്ടുന്നതിനാവശ്യമായ സാമ്പത്തിക സഹായം ലഭിക്കുന്നതിന് പോർട്ട് ട്രസ്റ്റ് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. പാലക്കാട് കോച്ച് ഫാക്ടറിയുടെ വർക്ക് തുടങ്ങുന്നതിനുള്ള നടപടികളുമായി ഗവൺമെന്റ് മുമ്പോട്ടു പോകുന്നതാണ്. സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ നില മെച്ചപ്പെടുത്തുന്ന തിനായി നടപടികൾ സ്വീകരിച്ചതിന്റെ ഫലമായി 15 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കാൻ കഴിഞ്ഞു. ഇ-പ്രൊക്യൂർമെന്റ് സംവിധാനത്തിന്റെ കാര്യക്ഷമത

വർദ്ധിപ്പിച്ച് പൊതുമേഖലാ സ്ഥാപനങ്ങളെ മെച്ചപ്പെട്ട പ്രവർത്തനത്തിലേയ്ക്ക് കൊണ്ടുവരാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. മിഷൻ 676-ൽ ഉൾപ്പെടുത്തി ഇത് ഏറ്റവും പ്രയോജനകരമാക്കാനാണ് ശ്രമിക്കുന്നത്. പരിസ്ഥിതിക്ക് കോട്ടം വരാത്തവിധത്തിൽ നിർമ്മാണ മേഖലയ്ക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കൾ എത്തിക്കാനും ചെറിയ വീടുകളുടെ നിർമ്മാണത്തിനുള്ള തടസ്സങ്ങൾ നീക്കാനും തീരുമാനിച്ചിട്ടുണ്ട്. പൊതുമേഖലയിലേയും സ്വകാര്യമേഖലയിലേയും അംഗീകാരം വാങ്ങി നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ സുഗമമായി മുന്നോട്ടു കൊണ്ടുപോകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. കയർ, കൈത്തറി, കശുവണ്ടി തുടങ്ങിയ പരമ്പരാഗത വ്യവസായ മേഖലകളെ തകർച്ചയിൽനിന്ന് രക്ഷിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## സബ്മിഷൻ

### (1) പ്രതികളെ കണ്ടെത്തൽ

ശ്രീ. തോമസ് ഉണ്ണിയാടൻ : ഇരിങ്ങാലക്കുട പോലീസ് സ്റ്റേഷനിലെ സബ് ഇൻസ്പെക്ടറുടെ ബൈക്കും കാറും തീവച്ച് നശിപ്പിച്ച പ്രതികളെ കണ്ടെത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): ഇരിങ്ങാലക്കുട പോലീസ് സ്റ്റേഷനിലെ സബ് ഇൻസ്പെക്ടറും അദ്ദേഹത്തിന്റെ ജ്യേഷ്ഠനും താമസിക്കുന്ന വെറ്റിലപ്പാറയിലെ വീട്ടിൽ വച്ചിരുന്ന മോട്ടോർ സൈക്കിൾ 06-05-2014-ന് പെട്രോൾ ഒഴിച്ച് തീവച്ച് നശിപ്പിച്ച സംഭവത്തിൽ അതിരപ്പിള്ളി പോലീസ് സ്റ്റേഷനിൽ വിവിധ ആക്ടുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയും ഉന്നത പോലീസ് ഉദ്യോഗസ്ഥർ

സ്ഥലം സന്ദർശിക്കുകയും ഫിംഗർ പ്രിൻറ്, ഡോഗ് സ്ക്വാഡ്, സയന്റിഫിക് വിദഗ്ദ്ധർ എന്നിവരുടെ നേതൃത്വത്തിൽ അന്വേഷണം നടത്തിവരികയുമാണ്. പ്രതികളെ എത്രയും വേഗം കണ്ടെത്താനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(2) ജയിലിൽ അനധികൃത സാധനങ്ങളുടെ ഉപയോഗം

ശ്രീ. ഹൈബി ഈഡൻ: ടി.പി. ചന്ദ്രശേഖരൻ വധക്കേസിലെ പ്രതികൾ വിയ്യൂർ ജയിലിൽ സ്മാർട്ട് ഫോണുകൾ, ചാർജറുകൾ, മദ്യം, കഞ്ചാവ് എന്നിവ ഉപയോഗിക്കുന്നതും നിരീക്ഷണ ക്യാമറകൾ പ്രവർത്തനരഹിതമാക്കുന്നതും ഫേസ്ബുക്കിൽ ജയിലിനകത്തുള്ള ഫോട്ടോ അപ്‌ലോഡ് ചെയ്തതടക്കമുള്ള വിഷയങ്ങളെ സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തണം. പ്രതികളെ സഹായിക്കുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): ടി.പി. ചന്ദ്രശേഖരൻ വധക്കേസിലെ പ്രതികളെ 4-06-2014-ന് പോലീസ് വാഹനത്തിൽ കണ്ണൂർ കോടതിയിൽ ഹാജരാക്കി തിരികെ വരുമ്പോൾ വിദേശമദ്യം വാങ്ങി വാഹനത്തിൽ സൂക്ഷിച്ചതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. ഫേസ്ബുക്കിൽ ഫോട്ടോ അപ് ലോഡ് ചെയ്തതിന് ബന്ധപ്പെട്ട ആക്ട് പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് കസബ സി.ഐ. അന്വേഷിച്ചുവരികയാണ്. സംഭവവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്തിട്ടുണ്ട്. മധ്യമേഖലാ ഡി.ഐ.ജി.യുടെ നേതൃത്വത്തിൽ വിയ്യൂർ സെൻട്രൽ ജയിലിൽ നടന്ന റെയ്ഡിൽ വധക്കേസ് പ്രതിയെ പാർപ്പിച്ചിരുന്ന സെല്ലിൽനിന്നും മൊബൈൽ ഫോൺ, ചാർജർ, സിം കാർഡ് എന്നിവയും കഞ്ചാവ്

കേസിലെ പ്രതിയിൽനിന്ന് കഞ്ചാവും പിടിച്ചെടുത്തതിനെത്തുടർന്ന് വിവിധ ആക്ടുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് പേരാമംഗലം പോലീസ് ഊർജ്ജിതമായ അന്വേഷണം നടത്തിവരികയാണ്. ജില്ലാ സൈബർ സെല്ലിന്റെ സേവനവും ഉപയോഗപ്പെടുത്തുന്നുണ്ട്. നിരോധിത വസ്തുക്കൾ ജയിലിൽ എത്തിക്കുന്നതിൽ ഉദ്യോഗസ്ഥർക്ക് പങ്കുണ്ടോ എന്നതിനെപ്പറ്റി പരിശോധിച്ചുവരികയാണ്. വിചാരണത്തടവുകാരെ കോടതിയിൽ എത്തിക്കുന്നതിലെ സുരക്ഷാവീഴ്ചകൾ കണക്കിലെടുത്ത് വീഡിയോ കോൺഫറൻസിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ജയിൽ ഡി.ജി.പി.യോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## (3) ആർ.എസ്.എസ്. ഭീഷണി

ശ്രീ. കെ. കെ. നാരായണൻ: കണ്ണൂർ ജില്ലയിലെ പൊയിലൂരിൽ ആർ.എസ്.എസ്. പ്രവർത്തകരുടെ ആക്രമണത്തെത്തുടർന്ന് വീടൊഴിഞ്ഞ് പോകേണ്ടിവന്ന ന്യൂനപക്ഷ സമുദായത്തിൽപ്പെട്ട രണ്ട് കുടുംബങ്ങൾക്ക് സ്വന്തം വീട്ടിൽ ജീവിക്കാനുള്ള അവസരമൊരുക്കിക്കൊടുക്കാനും സംഭവത്തെക്കുറിച്ച് അന്വേഷിക്കാനും നടപടിയുണ്ടാകണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): കണ്ണൂർ ജില്ലയിലെ തൃപ്പങ്ങോട്ടൂർ അംശം സെൻട്രൽ പൊയിലൂരിൽ താമസിക്കുന്ന ബഷീറിന്റെ വീട്ടിൽ ബി.ജെ.പി. പ്രവർത്തകർ അതിക്രമിച്ച് കയറി ഭീഷണിപ്പെടുത്തുകയും ജനൽ അടിച്ചുതകർക്കുകയും ചെയ്തശേഷം തൊട്ടടുത്ത് താമസിക്കുന്ന അദ്ദേഹത്തിന്റെ

സഹോദരിയുടെ വീടിന്റെ വാതിൽ വെട്ടിപ്പൊളിക്കുകയുണ്ടായി. ടിയാന്റെ കുടുംബാംഗം സി.പി.ഐ.(എം.) നടത്തിയ ജാഥയിൽ ബി.ജി.പി.ക്കെതിരായി പ്രകോപനപരമായ മുദ്രാവാക്യങ്ങൾ മുഴക്കിയെന്ന കാരണത്താലാണ് വീടുകളിൽ കയറി അക്രമം കാണിച്ചതെന്നാണ് ലഭിച്ച വിവരം. സംഭവത്തിലുൾപ്പെട്ട ആറ് പ്രതികളെ അറസ്റ്റ് ചെയ്ത് ജാമ്യത്തിൽ വിട്ടിട്ടുള്ളതാണ്. പ്രസ്തുത സംഭവത്തിനുശേഷം യാതൊരുവിധ ആക്രമണവും ഉണ്ടായിട്ടില്ല. ആക്രമണത്തെത്തുടർന്ന് ബന്ധുവീട്ടിൽ താമസം മാറിയ ഇവർക്ക് സ്വന്തം വീട്ടിൽ താമസിക്കാൻ ആവശ്യമായ പോലീസ് സംരക്ഷണം നൽകാൻ തയ്യാറാണ്.

### (4) ഔഷധിയുടെ ഔദ്യോഗിക വെബ്സൈറ്റ് ഹാക്ക് ചെയ്യപ്പെട്ട സംഭവം

ശ്രീ. ഷാഫി പറമ്പിൽ: സർക്കാർ സ്ഥാപനമായ ഔഷധിയുടെ റിസർച്ച് ആൻറ് ഡെവലപ്മെന്റ് പ്രവർത്തനങ്ങളും ട്രാൻസാക്ഷൻസും ഉൾപ്പെടുന്ന ഔദ്യോഗിക വെബ്സൈറ്റ് പാക്കിസ്ഥാൻ ഏജൻസി ഹാക്ക് ചെയ്ത സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തണം. സാങ്കേതികവിദ്യയുടെ വളർച്ചയുടെ ഫലമായുണ്ടാകുന്ന ഇത്തരം വെല്ലുവിളികളെ അതിജീവിക്കാനും തന്ത്രപ്രധാനമായ വിവരങ്ങൾ ചോർത്തുന്നത് തടയാനും അടിയന്തര നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): വെബ്സൈറ്റുകൾ ഹാക്ക് ചെയ്യപ്പെടുന്നത് അതീവ ഗൗരവതരമായ പ്രശ്നമാണ്. ദേശവിരുദ്ധശക്തികളും ഭീകരവാദികളും വെബ്സൈറ്റുകൾ ഹാക്ക് ചെയ്യുന്നതിനുപുറമെ ഹോബി എന്ന നിലയിലും ഇത്തരം പ്രവർത്തനങ്ങൾ നടത്താറുണ്ട്. വെബ്സൈറ്റുകൾ ഹാക്ക് ചെയ്യുന്നതിനെതിരായി ഗവൺമെന്റ് മതിയായ ജാഗ്രത പുലർത്തുന്നുണ്ട്. ഹൈ

സെക്യൂരിറ്റിയുള്ള ഡാറ്റാ വെബ്സൈറ്റുകൾ ഹാക്ക് ചെയ്യാതിരിക്കാനും തന്ത്രപ്രധാനമായ വിവരങ്ങൾ പുറത്തുപോകാതിരിക്കാനുമുള്ള സെക്യൂരിറ്റി നടപടികളും സ്ട്രാറ്റജിക് ആയിട്ടുള്ളവ ഹാക്ക് ചെയ്യാതിരിക്കാനാവശ്യമായ പ്രത്യേക നടപടികളും ആഭ്യന്തര വകുപ്പ് സ്വീകരിച്ചുവരുന്നതിനുപുറമെ കമ്പ്യൂട്ടർ എമർജൻസി റെസ്പോൺസ് ടീമിന്റെ സഹായത്തോടെ ഇത് കറക്റ്റ് ചെയ്യാനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. സാങ്കേതികവിദ്യയുടെ അതിവിപുലമായ വളർച്ചയുടെ കാലഘട്ടത്തിൽ വെബ്സൈറ്റുകളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## (5) ചെക്ക്ഡാം നിർമ്മാണം

ശ്രീ. സി. പി. മുഹമ്മദ്: പട്ടാമ്പി മണ്ഡലത്തിലെ കുന്തിപ്പുഴയിലെ തിരുവേഗപ്പുറയിലും വിളയൂർ പഞ്ചായത്തിലെ പാറക്കടവിലും രണ്ട് ചെക്ക്ഡാമുകൾ നിർമ്മിക്കുന്നതിനാവശ്യമായ ഫണ്ട് അനുവദിച്ച് നിർമ്മാണ പ്രവൃത്തി ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): വേനൽക്കാലത്ത് ജലദൗർലഭ്യം നേരിടുന്ന കേരളത്തിലെ നദികളിൽ തടയണകൾ നിർമ്മിച്ച് പരമാവധി വെള്ളം സംഭരിച്ച് കുടിവെള്ളത്തിനും കൃഷിക്കും ഉപയോഗിക്കുന്നതിന്റെ ഭാഗമായി പാലക്കാട് ജില്ലയിലെ വിളയൂർ പഞ്ചായത്തിലെ പാറക്കടവിൽ ചെക്ക്ഡാം നിർമ്മിക്കുന്നതിനാവശ്യമായ പര്യവേഷണം നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കി വരികയാണ്. തിരുവേഗപ്പുറയിൽ തടയണ നിർമ്മിക്കാനുള്ള പര്യവേഷണ പ്രവൃത്തിക്കായുള്ള എസ്റ്റിമേറ്റ് പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. പര്യവേഷണ പ്രവൃത്തി

പൂർത്തിയാക്കി ഡിസൈന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

## (6) ചമ്രവട്ടം റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ ചോർച്ച

ശ്രീ. സി. മമ്മൂട്ടി: തിരൂർ ചമ്രവട്ടം റെഗുലേറ്റർ-കം-ബ്രിഡ്ജ് ജനോപകാരപ്രദമാക്കി മാറ്റുന്നതിനും നിർമ്മാണ പ്രവൃത്തിയിലുണ്ടായ അപാകതകൾ തീർക്കാനും ഇതുസംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്താനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): ചമ്രവട്ടം റെഗുലേറ്ററിന്റെ ജലനിരപ്പ് ഉയർന്നപ്പോൾ ചോർച്ച കണ്ടതിനെത്തുടർന്ന് ഷട്ടറുകൾ തുറന്ന് ജലനിരപ്പ് ക്രമീകരിക്കുകയുണ്ടായി. ചീഫ് എഞ്ചിനീയർമാരടങ്ങുന്ന വിദഗ്ദ്ധ സമിതി സ്ഥലം സന്ദർശിക്കുകയും പ്രോജക്ട്-ടെക്നിക്കൽ കമ്മിറ്റിയിൽ വിഷയം വിശദമായി ചർച്ച ചെയ്യുകയും അനിയന്ത്രിതമായ മണലെടുപ്പുമൂലം പുഴയുടെ അടിത്തട്ട് ക്രമാതീതമായി താഴ്ന്നതുമൂലമുണ്ടായ പൈപ്പിംഗ് പ്രതിഭാസമാണ് ചോർച്ചയുടെ കാരണമെന്ന് വിലയിരുത്തുകയുമുണ്ടായി. താഴ്ന്ന ബ്ലോക്കുകളിൽ രണ്ട് സീസണുകൾ നോക്കിയതിനുശേഷം ഷീറ്റ് പൈലിംഗ് നടത്തുന്നതിനും മണലെടുപ്പ് നിരോധിക്കുന്നതിനും ഡാം സേഫ്റ്റി അതോറിറ്റിയുടെ പരിധിയിൽ പ്രസ്തുത പ്രദേശം ഉൾപ്പെടുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. താൽക്കാലിക പരിഹാര നടപടികൾ സ്വീകരിച്ച് ചോർച്ച അടച്ച് ജലസംഭരണം നടത്തിയെങ്കിലും വീണ്ടും ചോർച്ചയുണ്ടായതിനെത്തുടർന്ന് നടന്ന അവലോകന യോഗത്തിൽ സുപ്രധാനമായ തീരുമാനങ്ങളെടുക്കുകയുണ്ടായി. ചോർച്ചയെക്കുറിച്ച് വിജിലൻസ് ഡിവൈ.എസ്.പി.യുടെ നേതൃത്വത്തിലുള്ള സംഘം

അന്വേഷണം നടത്തിവരികയാണ്.

## (7) ലംപ്സംഗ്രാന്റും സ്റ്റൈപ്പന്റും

ശ്രീ. കെ. വി. വിജയദാസ്: പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള ലംപ്സംഗ്രാന്റും സ്റ്റൈപ്പന്റും യഥാസമയം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കണം.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകുന്ന സ്റ്റൈപ്പന്റ്, ലംപ്സംഗ്രാന്റ് എന്നിവയിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്. പ്രീമെട്രിക് തലത്തിലെ കുട്ടികൾക്കുള്ള ഈ വർഷത്തെ ലംപ്സംഗ്രാന്റ് കൊടുത്തു കഴിഞ്ഞു. ഇ-ഗ്രാന്റ്സ് നടപ്പിലാക്കിയതുമൂലം കഴിഞ്ഞ വർഷം ലംപ്സംഗ്രാന്റ് ലഭിക്കാത്ത വിദ്യാർത്ഥികൾക്ക് അത് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

## (8) ആർട്സ് ആന്റ് സയൻസ് കോളേജ്

ശ്രീ. കെ. എൻ. എ. ഖാദർ: വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ കാലിക്കറ്റ് യൂണിവേഴ്സിറ്റി പരിസരത്ത് സർക്കാർ തലത്തിൽ ഒരു ആർട്സ് ആന്റ് സയൻസ് കോളേജ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): മലപ്പുറം ജില്ലയിൽ പുതുതായി നാല് സർക്കാർ കോളേജുകളും ഒരു എയ്ഡഡ് കോളേജും ആരംഭിച്ചതിനാലും സർക്കാർ എയ്ഡഡ് മേഖലയിൽ പതിമൂന്ന് ആർട്സ് ആന്റ് സയൻസ് കോളേജുകളും നിരവധി സ്വാശ്രയ കോളേജുകളും പ്രവർത്തിക്കുന്നതിനാലും വിദ്യാർത്ഥികൾക്ക്

ഉപരിപഠനത്തിനാവശ്യമുള്ള സീറ്റുകൾ മലപ്പുറം ജില്ലയിൽത്തന്നെ ലഭ്യമാണ്. ആർട്സ് ആന്റ് സയൻസ് കോളേജ് പുതുതായി ആരംഭിക്കുന്നത് സർക്കാരിന് സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കുമെന്നതിനാൽ നിലവിലുള്ള കോളേജുകളിലെ നിലവാരം ഉയർത്തുന്നതിനായി സംസ്ഥാനതല അക്രഡിറ്റേഷൻ സമിതികൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടുതൽ സർക്കാർ കോളേജുകൾ അനുവദിക്കേണ്ട സാഹചര്യം ഭാവിയിൽ ഉണ്ടാകുകയാണെങ്കിൽ കാലിക്കറ്റ് യൂണിവേഴ്സിറ്റി പരിസരത്ത് ഒരു സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജ് ആരംഭിക്കണമെന്ന നിർദ്ദേശം പരിശോധിക്കുന്നതാണ്.

## (9) കക്കയം ഗവൺമെന്റ് എൽ.പി. സ്കൂളിന് കെട്ടിടം

ശ്രീ. പുരുഷൻ കടലുണ്ടി: ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ കക്കയം ഗവൺമെന്റ് എൽ.പി. സ്കൂളിനുവേണ്ടി ഗ്രാമപഞ്ചായത്ത് വാങ്ങിയ സ്ഥലത്ത് എസ്.എസ്.എ. പദ്ധതി പ്രകാരം കെട്ടിടം നിർമ്മിക്കാൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): കക്കയം ഗവൺമെന്റ് എൽ.പി. സ്കൂൾ പ്രവർത്തിക്കുന്ന സ്ഥലവും കെട്ടിടവും കെ.എസ്.ഇ.ബി.യുടേതായതിനാൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അധികൃതരുമായി ചർച്ച നടത്തുകയും കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് വാങ്ങിയ സ്ഥലത്ത് സ്കൂളിനുവേണ്ടി കെട്ടിടം പണിയുന്നതിന് 2014-15 വർഷത്തെ എസ്.എസ്.എ. പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിക്കുന്നതിനായി എം.എച്ച്.ആർ.ഡി.ക്ക് ശുപാർശ സമർപ്പിച്ചിരുന്നെങ്കിലും അനുമതി ലഭിക്കാത്തതിനാൽ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ തനത് ഫണ്ട്

ഉപയോഗിച്ച് കെട്ടിടം നിർമ്മിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## (10) <u>അടിസ്ഥാന സൗകര്യം ലഭ്യമാക്കൽ</u>

<u>ശ്രീ. പി. കെ. ഗുരുദാസൻ:</u> സുനാമി പുനരധിവാസ പദ്ധതി പ്രകാരം നിർമ്മിച്ച കൊല്ലം താലൂക്കിലെ കോളനികളിൽ അടിസ്ഥാന സൌകര്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (<u>ശ്രീ. അടൂർ പ്രകാശ്</u>): കൊല്ലം ജില്ലയിലെ സുനാമി പുനരധിവാസ പദ്ധതി പ്രകാരം ഭവനനിർമ്മാണം നടത്തിയ സൈറ്റുകളിലെ റോഡുകൾ ടാർ ചെയ്യുന്നതിനും ബയോ ഗ്യാസ് പ്ലാന്റ്, തെരുവ് വിളക്കുകൾ എന്നിവ സ്ഥാപിക്കുന്നതിനും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. വെള്ളം ഒഴുകിപ്പോകാൻ സൗകര്യമില്ലാത്ത സൈറ്റുകളിൽ ഓടകൾ ഒഴിവാക്കി വാട്ടർ അതോറിറ്റിയുടെ മേൽനോട്ടത്തിൽ ശുദ്ധജല വിതരണത്തിനുള്ള സംവിധാനമൊരുക്കിയിട്ടുണ്ട്. സൈറ്റുകളിലെ സെപ്റ്റിക് ടാങ്കുകൾ വൃത്തിയാക്കുന്നതിനും മാലിന്യങ്ങൾ തിരുവനന്തപുരം സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽ എത്തിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

## (11) <u>കർഷകർക്ക് നഷ്ടപരിഹാരം</u>

<u>ശ്രീ. മോൻസ് ജോസഫ്:</u> കോട്ടയം ജില്ലയിലെ കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (<u>ശ്രീ. അടൂർ പ്രകാശ്</u>): കോട്ടയം ജില്ലയിലെ

കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ കഴിഞ്ഞ മേയ് മാസമുണ്ടായ പ്രകൃതിക്ഷോഭത്തിൽ വിവിധ കൃഷികൾ നശിക്കുകയും ലക്ഷക്കണക്കിന് രൂപയുടെ നാശനഷ്ടമുണ്ടാകുകയും ചെയ്തെന്ന കോട്ടയം ജില്ലാ കളക്ടറുടെ റിപ്പോർട്ട് പ്രകാരം സംസ്ഥാന ദുരന്ത പ്രതികരണ ഫണ്ട് വിതരണം ചെയ്യുന്നത് സംബന്ധിച്ച മാനദണ്ഡപ്രകാരം നഷ്ടപരിഹാരം നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## (12) കെ.എസ്.ആർ.ടി.സി. സ്റ്റേഷൻ സംരക്ഷണം

പ്രൊഫ. സി. രവീന്ദ്രനാഥ്: പുതുക്കാട് കെ.എസ്.ആർ.ടി.സി. സ്റ്റേഷൻ സംരക്ഷിക്കുന്നതിനും ഷെഡ്യൂളുകൾ നിലനിർത്തുന്നതിനും നടപടി സ്വീകരിക്കണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): പുതുക്കാട് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിലവിലുള്ള ബസ് ഉപയോഗിച്ച് ഷെഡ്യൂളുകൾ മുടക്കമില്ലാതെ ഓപ്പറേറ്റ് ചെയ്തു വരുന്നുണ്ട്. പുതുക്കാട് യൂണിറ്റിൽ സൂപ്പർ ഫാസ്റ്റ്, ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകളും ചെയിൻ സർവ്വീസുകളും ഓർഡിനറി സർവ്വീസുകളും നടത്തുന്നുണ്ട്. ജനസാന്ദ്രത കുറഞ്ഞ ഭാഗങ്ങളിലൂടെ പോകുന്ന കുറഞ്ഞ വരുമാനം ലഭിക്കുന്ന ബസ്സുകൾ ക്യാൻസൽ ചെയ്യേണ്ടി വരുന്നുണ്ട്. പുതുക്കാട് ഡിപ്പോയിൽ സ്ഥിരമായി ഒരു ഷെഡ്യൂളും റദ്ദ് ചെയ്തിട്ടില്ലെങ്കിലും ബസ്സിന്റെ ലഭ്യതക്കുറവ് വരുമ്പോൾ വരുമാനക്കുറവുള്ള ഷെഡ്യൂളുകൾ റദ്ദ് ചെയ്യേണ്ടതായി വന്നിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യെ റീ-വാമ്പിങ് ചെയ്യാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

## (13) കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ ശോചനീയാവസ്ഥ

ശ്രീ. എസ്. രാജേന്ദ്രൻ: മൂന്നാർ കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ കെട്ടിടം പണി പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിക്കുന്നതിനും ടി.പി. ബസ്സുകൾ ഒഴിവാക്കുന്നതിനും നിർത്തലാക്കിയ ഇന്റർസ്റ്റേറ്റ് സർവ്വീസുകൾ പുനരാരംഭിക്കുന്നതിനും ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനും സ്പെയർ പാർട്സുകൾ നൽകുന്നതിനും നടപടി സ്വീകരിക്കണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ഇന്റർസ്റ്റേറ്റ് ബസ് സർവ്വീസ് പുനരാരംഭിക്കാത്തതിനുള്ള കാരണം പരിശോധിക്കുന്നതാണ്. ഡിപ്പോയുടെയും ഷോപ്പിംഗ് കോംപ്ലക്സിന്റെയും പണി പുരോഗമിക്കുന്നു. അഡ്മിനിസ്ട്രേറ്റീവ് പ്രശ്നങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ചചെയ്ത് പരിഹരിക്കുന്നതാണ്.

## (14) നെല്ലുസംഭരണം

ശ്രീ. എം. ചന്ദ്രൻ: പാലക്കാട് ജില്ലയിലെ കർഷകരിൽനിന്നും സംഭരിച്ച രണ്ടാംവിള നെല്ലിന്റെ വില പൂർണ്ണമായും കൊടുത്തുതീർക്കുന്നതിനും ഉൽപ്പാദിപ്പിക്കുന്ന നെല്ല് മുഴവൻ സംഭരിക്കുന്നതിനും നെല്ലിന് പ്രഖ്യാപിച്ച താങ്ങുവില മുഴവൻ നൽകുന്നതിനും നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): 02-03-2014 വരെ 18 രൂപയും അതിനുശേഷമുള്ളതിന് 19 രൂപയുമായാണ് നെല്ലിന്റെ സംഭരണ വില നിശ്ചയിച്ചിട്ടുള്ളത്. കുടിശ്ശിക

നൽകുന്നതിനായി കേന്ദ്ര ഗവൺമെന്റിനോട് അഡ്വാൻസ് പേമെന്റ് ആവശ്യപ്പെട്ടിട്ടുണ്ട്. തുക ലഭ്യമാകുന്നമുറയ്ക്ക് എല്ലാ ജില്ലകളിലെയും കുടിശ്ശിക കൊടുത്തുതീർക്കുന്നതും ഉല്പാദിപ്പിക്കുന്ന നെല്ല് മുഴവൻ സംഭരിക്കുന്നതിലുള്ള സാങ്കേതിക പ്രശ്നങ്ങൾ പരിശോധിക്കുന്നതുമാണ്.

## (15) മത്സ്യസംസ്കരണ തൊഴിലാളികളുടെ പ്രശ്നങ്ങൾ

ശ്രീ. എ.എം. ആരിഫ്: പീലിംഗ്/മത്സ്യസംസ്കരണ തൊഴിലാളികൾക്ക് സ്ഥിരവരുമാനവും ജോലിസ്ഥിരതയും മിനിമം വേതനവും എം.പി.ഇ.ഡി.എ.-യുടെ സഹായവും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): പീലിംഗ് തൊഴിലാളികളെ പ്രാഥമിക സഹകരണ സംഘങ്ങളിൽ രജിസ്റ്റർ ചെയ്യുന്നതിനും വായ്പകൾ നൽകുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് മത്സ്യഫെഡ് എം.ഡി.-ക്കും ഓരോ ജില്ലയിലെയും പീലിംഗ് ഷെഡ്ഡുകൾ എൻലിസ്റ്റ്ചെയ്ത് എം.പി.ഇ.ഡി.എ.-യിൽ രജിസ്റ്റർ ചെയ്യുന്നതിന് ജില്ലാ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. മത്സ്യഫെഡ് എം.ഡി. ചെയർമാനായി സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റിയും ജില്ലാ കളക്ടർ ചെയർമാനായി ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയും രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റികൾക്ക് മത്സ്യത്തൊഴിലാളികളുടെ ക്ഷേമപദ്ധതികൾ ഉറപ്പാക്കുന്നതിനുള്ള ഉത്തരവാദിത്വം ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. പീലിംഗ് തൊഴിലാളികളുടെ ക്ഷേമത്തിനായി രൂപീകരിച്ച കമ്മീഷന്റെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനും ഈ

മേഖലയിൽ പണിയെടുക്കുന്ന ഗർഭാശയരോഗം ബാധിക്കുന്ന സ്ത്രീ തൊഴിലാളികൾക്ക് ചികിത്സാ സഹായമായി അമ്പതിനായിരം രൂപവരെ നൽകുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. ട്രോളിംഗ് നിരോധന കാലത്ത് പീലിംഗ് തൊഴിലാളികൾക്ക് സൗജന്യ റേഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## (16) കോടഞ്ചേരി സി.എച്ച്.സി.

ശ്രീ. സി. മോയിൻകുട്ടി: കോടഞ്ചേരി സി.എച്ച്.സി.-യിൽ ആവശ്യമായ ഡോക്ടർമാരെയും ജീവനക്കാരെയും നിയമിക്കുന്നതിനും ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): കോടഞ്ചേരി സി. എച്ച്. സി.-യിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ന്യൂ സർവ്വീസ് സ്കീം പ്രകാരം സി.എച്ച്.സി. പാറ്റേണനുസരിച്ചുള്ള തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## (17) താലൂക്ക് ആശുപത്രിയുടെ ശോചനീയാവസ്ഥ

ശ്രീമതി ഇ. എസ്.ബിജിമോൾ : പീരുമേട് താലൂക്ക് ആശുപത്രി, വണ്ടിപ്പെരിയാർ സി.എച്ച്.സി., ഉപ്പുതറ സി.എച്ച്.സി. എന്നിവയുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): പീരുമേട് താലൂക്ക് ആശുപത്രിയിൽ 54 കിടക്കകളും കാഷ്വാലിറ്റി, എക്സ്-റേ, ഒ.പി.,

ആംബുലൻസ്, ലാബ് തുടങ്ങിയ ഭൗതിക സാഹചര്യങ്ങളും ഇമ്മ്യൂണൈസേഷൻ വിംഗ്, പാലിയേറ്റീവ് കെയർ, മൊബൈൽ മെഡിക്കൽ യൂണിറ്റ് തുടങ്ങിയ വിഭാഗങ്ങളും കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. അഡ്ഹോക് വ്യവസ്ഥയിൽ ഡോക്ടർമാരുടെ ഒഴിവുകൾ നികത്തിയതുകൂടാതെ എൻ.ആർ.എച്ച്.എം. മുഖേനയും വർക്കിംഗ് അറേഞ്ചുമെന്റിലും രണ്ട് ഡോക്ടർമാരുടെ സേവനം ലഭ്യമാണ്. സ്പെഷ്യാലിറ്റി ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് വണ്ടിപ്പെരിയാർ, ഉപ്പുതറ സി.എച്ച്.സി.-കളിൽ ലേബർ റൂം സജ്ജീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## (18) <u>അനിൽകുമാറിന്റെ മരണം</u>

<u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ:</u> കടബാധ്യതയെത്തുടർന്ന് ആത്മഹത്യ ചെയ്ത കാട്ടാക്കട കാപ്പിക്കാട് പണയിൽ വീട്ടിൽ അനിൽകുമാറിന്റെ കുടുംബത്തെ സംരക്ഷിക്കാനും സാമ്പത്തിക സഹായം നൽകാനും നടപടി സ്വീകരിക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (<u>ശ്രീ. കെ.പി. മോഹനൻ</u>): അനിൽകുമാറിന്റെ ആത്മഹത്യ സംബന്ധിച്ച് വിളപ്പിൽശാല പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. എസ്.ബി.ടി. പൂവച്ചൽ ശാഖയിൽനിന്ന് അനിൽകുമാറിന്റെ ഭാര്യ വസ്തു ജാമ്യത്തിൽ എടുത്ത വായ്പയുടെ കുടിശ്ശിക ഈടാക്കാൻ ബാങ്ക് ജപ്തി നടപടികൾ സ്വീകരിച്ചിരുന്നു. ഈ കുടുംബത്തിന് സാമ്പത്തിക സഹായം നൽകാൻ കഴിയുമോ എന്നതിനെക്കുറിച്ച് പരിശോധിക്കുന്നതാണ്.

**മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

**അറിയിപ്പ്**

മി. സ്പീക്കർ ബ്രസീലിൽ നടക്കുന്ന ലോക കപ്പ് ഫുട്ബോൾ ആവേശത്തിൽ പങ്കുചേരാൻ കേരള നിയമസഭയും തിരുവനന്തപുരം പ്രസ് ക്ലബ്ബും ജില്ലാ ഫുട്ബോൾ അസോസിയേഷനും സംയുക്തമായി 17-06-2014-ന് (ചൊവ്വ) സഭാ സമ്മേളനത്തിനുശേഷം സെൻട്രൽ സ്റ്റേഡിയത്തിൽ സൗഹൃദ ഫുട്ബോൾ മത്സരം സംഘടിപ്പിക്കുകയാണ്. പ്രസ്തുത മത്സരത്തിന് സാക്ഷ്യം വഹിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോടും അഭ്യർത്ഥിച്ചിട്ടുണ്ട് എന്ന കാര്യം സഭയെ അറിയിക്കുന്നു.

**നിയമനിർമ്മാണകാര്യം**

**സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും**

(1) **2013-ലെ കേരള സഹകരണ സംഘ(മൂന്നാം ഭേദഗതി) ബിൽ**

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013-ലെ കേരള സഹകരണസംഘ (മൂന്നാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. സി. എൻ. ബാലകൃഷ്ണൻ: ബാങ്കിംഗ് റെഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരുന്ന സംസ്ഥാന, ജില്ലാ സഹകരണ ബാങ്കുകൾ മൂലധന പര്യാപ്തത കൈവരിക്കണമെന്ന് റിസർവ് ബാങ്കിന്റെ നിർദ്ദേശമുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ബാങ്കിംഗ് ലൈസൻസ് നിലനിർത്തുകയും ലാഭക്ഷമത വർദ്ധിപ്പിക്കുകയും ചെയ്യുന്നത് അനിവാര്യമായ സാഹചര്യത്തിൽ വ്യക്തിഗത നിക്ഷേപകരെയോ വായ്പക്കാരെയോ ജില്ലാ സഹകരണ ബാങ്കിൽ നാമമാത്ര/അസോസിയേറ്റ് അംഗമാക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ട് 2, 18 വകുപ്പുകളും സേഫ് ഫൈനാൻസിംഗ് പെൻഷൻ പദ്ധതിയിൽ സഹകരണ നിയമ വ്യവസ്ഥപ്രകാരം നിയമിച്ചിട്ടുള്ള വിവിധ ബോർഡുകളിലെ ജീവനക്കാരെക്കൂടി ഉൾപ്പെടുത്തി പെൻഷൻ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടി 80 (എ) വകുപ്പും ഭേദഗതി ചെയ്യുന്നതിനാണ് ബിൽ കൊണ്ടുവന്നിരിക്കുന്നത്.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ : I move that " This House resolves to disapprove The Kerala Co-operative Societies (Third Amendment) Ordinance,2014 (Ordinance No.1 of 2014)" . സംസ്ഥാനങ്ങളുടെ പൂർണ്ണ ചുമതലയിൽ പ്രവർത്തിക്കുന്ന സഹകരണ പ്രസ്ഥാനത്തിൻമേലുള്ള കടന്നുകയറ്റത്തിന്റെ ഭാഗമായാണ് ഈ നിയമനിർമ്മാണം. റിസർവ്വ് ബാങ്കിന്റെ ആജ്ഞയോ പ്രകാശ് ബക്ഷി കമ്മിറ്റി റിപ്പോർട്ടിലെ നിർദ്ദേശങ്ങളോ അനുസരിക്കേണ്ട ബാധ്യത സഹകരണ പ്രസ്ഥാനങ്ങൾക്കില്ല. ഈ ബില്ലിലൂടെ കേരളത്തിലെ സഹകരണ പ്രസ്ഥാനത്തെ കോർപ്പറേറ്റുകളുടെ സാമ്പത്തിക താത്പര്യത്തിനുവേണ്ടി അടിയറ വയ്ക്കുകയാണ്. വായ്പയെടുക്കുന്നവരിൽനിന്ന് മുൻകൂർ

ഓഹരി വാങ്ങുന്ന സംവിധാനം സഹകരണ സ്ഥാപനങ്ങളെ അടിച്ചേൽപ്പിക്കുന്നത് അംഗീകരിക്കാൻ കഴിയില്ല. മൂലധന പര്യാപ്തത കൈവരിക്കുന്നതിന് ബഡ്ജറ്ററി സപ്പോർട്ട് നൽകുന്ന സംവിധാനമുണ്ടാകണം. കൃത്രിമസംഘങ്ങളാൽ നയിക്കപ്പെടുന്ന ഇന്ത്യയിലെ സഹകരണസംഘങ്ങളിൽ നിന്ന് വ്യത്യസ്തമായി കേരളത്തിലെ സഹകരണപ്രസ്ഥാനം അത്ഭുതകരമായ വളർച്ചയാണ് നേടിയിട്ടുള്ളത്. ഈ മേഖലയെ തകർക്കുന്ന നിബന്ധനകളും നിർദ്ദേശങ്ങളും ഒഴിവാക്കണം. സഹകരണമേഖലയിൽ ആദായനികുതി വകുപ്പ് പരിശോധന നടത്തുന്ന നടപടി സംഘങ്ങളെ തകർക്കുമെന്ന കാര്യത്തിൽ സംശയമില്ല. ഈ ഭേദഗതി നിയമം കേരളത്തിലെ സഹകരണപ്രസ്ഥാനങ്ങൾക്ക് ഗുണകരമല്ല.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : നിരാകരണപ്രമേയത്തെ പിന്തുണയ്ക്കുന്നു. കേരളത്തിലെ സഹകരണരംഗത്തെ തകർക്കാനുള്ള ബോധപൂർവ്വമായ നീക്കങ്ങളാണ് ഭരണഘടനാ ഭേദഗതിയിലൂടെ കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചത്. ഇതിലൂടെ ന്യൂജനറേഷൻ ബാങ്കുകൾക്ക് കടന്നുവരാനുള്ള അവസരമാണ് ഒരുക്കുന്നത്. കാർഷികമേഖല ഉൾപ്പെടെയുള്ള വിവിധ മേഖലകളിലേയ്ക്ക് കടന്നുചെല്ലാനും വിവിധതരത്തിലുള്ള പ്രവർത്തനങ്ങൾ നടത്താനും കേരളത്തിലെ സഹകരണമേഖലയ്ക്ക് സാധിച്ചിട്ടുണ്ട്. സഹകരണമഖലയെ ഇല്ലായ്മ ചെയ്യുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളാണ് ആദായനികുതി വകുപ്പ് സ്വീകരിക്കുന്നത്. ജില്ലാ ബാങ്കുകളിലെ കരുതൽധനം മൂന്ന് ശതമാനത്തിൽ നിന്ന് നാല് ശതമാനമാക്കി വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശമാണ് ആർ.ബി.ഐ. മുന്നോട്ടുവച്ചിരിക്കുന്നത്. കേന്ദ്ര ഗവൺമെന്റും നബാർഡും റിസർവ് ബാങ്കും കേരളത്തിലെ പ്രൈമറി സഹകരണസംഘങ്ങളുടെ പ്രവർത്തനങ്ങളിൽ നടത്തുന്ന കടന്നാക്രമണത്തെ

പ്രോത്സാഹിപ്പിക്കാനാണ് ഇത്തരം ബില്ലുകൾ അവതരിപ്പിക്കുന്നതിലൂടെ ഗവൺമെന്റ് ശ്രമിക്കുന്നത്.

ശ്രീ. ജി. സുധാകരൻ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. പാർലമെന്റ് പാസ്സാക്കിയ സഹകരണ ഭേദഗതിയുടെ ചുവട് പിടിച്ച് നിയമസഭയിൽ ഭേദഗതി നിയമം പാസ്സാക്കിയതുകൊണ്ട് സംസ്ഥാനത്തിന് യാതൊരു പ്രയോജനവുമുണ്ടായില്ല. അതിന്റെ തുടർച്ചയായാണ് ഈ ഭേദഗതി ബിൽ കൊണ്ടുവന്നിരിക്കുന്നത്. ക്യാപിറ്റൽ റിസ്ക് വെയ്റ്റഡ് അസെറ്റ് റേഷ്യോ മൂന്ന് ശതമാനമെന്നത് വർഷംതോറും വർദ്ധിപ്പിക്കണമെന്ന നിർദ്ദേശം സഹകരണമേഖലയെ തകർക്കുന്നതാണ്. ഭരണഘടനാ ഭേദഗതിയിലൂടെ അസോസിയേറ്റ് മെമ്പർഷിപ്പ് നൽകുന്നതിനെടുത്ത തീരുമാനം അംഗീകൃത ഷെയറുകളേക്കാളധികം കള്ളപ്പണക്കാർക്കും കരിഞ്ചന്തക്കാർക്കും ഷെയറുകൾ ലഭിക്കുന്നതിനുള്ള സാഹചര്യമുണ്ടാക്കും. കടലാസ് സംഘങ്ങളുണ്ടാക്കി സഹകരണ ബാങ്കുകൾ പിടിച്ചെടുക്കുന്ന സമീപനം ശരിയല്ല. വിലക്കയറ്റം തടഞ്ഞുനിറുത്തുന്നതിനായി സഹകരണമേഖലയെ പ്രയോജനപ്പെടുത്തുന്നതിൽ സർക്കാർ പരാജയപ്പെട്ടു. സംസ്ഥാന കാർഷിക വികസന ബാങ്ക് ചെയർമാന്റെ കാലാവധി നീട്ടിക്കൊടുത്ത നടപടി വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. നിയമാനുസൃതം പ്രവർത്തിക്കുന്ന സഹകരണ മേഖലയിൽ റിസർവ് ബാങ്ക് നയങ്ങൾ അടിച്ചേൽപ്പിക്കുന്ന നടപടി പിൻവലിക്കണം. സഹകരണ മേഖലയിൽ നിന്ന് പുറത്താക്കിയ അഴിമതിക്കാരെ ഉത്തരവാദപ്പെട്ട സ്ഥാനങ്ങളിൽ നിയമിക്കുന്ന സർക്കാർ നടപടി തിരുത്തണം. സംവരണ തത്വങ്ങൾ പാലിക്കാതെ സഹകരണ സ്ഥാപനങ്ങളിൽ നിയമിച്ച സ്ഥിരം ജീവനക്കാരെയും കോൺട്രാക്ട്

ജീവനക്കാരെയും പിരിച്ചുവിടണം. കക്ഷി രാഷ്ട്രീയത്തിന്റെ അടിസ്ഥാനത്തിൽ ചർച്ച കൂടാതെ സഹകരണ വിരുദ്ധ നിലപാട് സ്വീകരിക്കുന്നത് ആശാസ്യമല്ല.

ശ്രീ. കെ. കെ. നാരായണൻ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. രാഷ്ട്രീയ താൽപ്പര്യം കണക്കിലെടുത്ത് സംസ്ഥാനത്തെ സഹകരണ സംഘങ്ങളെ തകർക്കുന്ന നിലപാടാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. വ്യക്തികളെക്കൂടി സഹകരണ സംഘങ്ങളിൽ അസോസിയേറ്റ് മെമ്പർമാരായി ചേർക്കാൻ വ്യവസ്ഥ ചെയ്യുന്നതിനുവേണ്ടിയാണ് ഇത്തരമൊരു ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. രാജ്യത്തിന്റെ ഫെഡറൽ ഘടനയെ മാനിക്കാതെ ആഗോള താൽപ്പര്യം സംരക്ഷിക്കാൻവേണ്ടി കേന്ദ്ര സർക്കാർ കൊണ്ടുവന്ന ഭരണഘടനാ ഭേദഗതിയുടെ ചുവടുപിടിച്ച് സഹകരണ നിയമത്തിൽ ഭേദഗതി വരുത്താനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. ആദായ നികുതി അടയ്ക്കുന്നതിൽ സഹകരണ സംഘങ്ങൾക്ക് മുമ്പ് നൽകിയിരുന്ന ഇളവ് ഇപ്പോൾ നിർത്തലാക്കിയിരിക്കുകയാണ്. ജില്ലാ ബാങ്കുകളിൽ നിക്ഷേപിച്ചിരുന്ന പ്രൈമറി ബാങ്കുകളുടെ ഫണ്ട് പിൻവലിച്ച് ട്രഷറിയിൽ അടയ്ക്കാൻ നിർദ്ദേശിച്ചതിലൂടെ സ്വകാര്യ സ്ഥാപനങ്ങളെ സഹായിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. തകർച്ച നേരിടുന്ന സഹകരണ സംഘങ്ങളെ സഹായിക്കുന്നതിനുള്ള യാതൊരു നിലപാടും ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല. രാജ്യത്തിനുതന്നെ മാതൃകയായി പ്രവർത്തിക്കുന്നതും ഏറ്റവും കൂടുതൽ നിക്ഷേപ സാധ്യതയുള്ളതുമായ കേരളത്തിലെ പ്രൈമറി സഹകരണ സംഘങ്ങൾ നടത്തുന്ന ചിട്ടികൾ നിയന്ത്രിക്കുന്ന സമീപനം കോർപ്പറേറ്റുകളെ സഹായിക്കുന്നതിനാണ് ഉപകരിക്കുന്നത്. ജില്ലാ സഹകരണ ബാങ്കുകൾ ലാഭകരമായി പ്രവർത്തിക്കുകയാണെങ്കിൽ അതിന്റെ

ലാഭവിഹിതം ഉപയോഗിച്ച് സി.ആർ.എ.ആർ. പ്രശ്നം പരിഹരിക്കാവുന്നതാണ്.

<u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ:</u> വിയോജിപ്പ് രേഖപ്പെടുത്തുന്നു. കർഷകർക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പയും നിക്ഷേപങ്ങൾക്ക് മെച്ചപ്പെട്ട പലിശയും നൽകുന്ന സഹകരണ ബാങ്കുകളെ തകർക്കാനുതകുന്ന ബില്ലാണിത്. ആതുര ശുശ്രൂഷ, ഗതാഗതം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ മാതൃകാപരമായ പ്രവർത്തനം കാഴ്ചവയ്ക്കാനും വിലക്കയറ്റം പിടിച്ചുനിർത്താനും സഹകരണ മേഖലയ്ക്ക് സാധിച്ചിട്ടുണ്ട്. സംസ്ഥാന സഹകരണ ബാങ്ക് നിയമാനുസൃതം നിയമിച്ച ജീവനക്കാരെ പിരിച്ചുവിടാനുള്ള തീരുമാനം ആശാസ്യമല്ല. കരുതൽ ധനം വർദ്ധിപ്പിച്ചും സ്റ്റാറ്റ്യൂട്ടറി ലിക്വിഡ് റേഷ്യോയിൽ കുറവുവരുത്തിയും സംസ്ഥാന സഹകരണ ബാങ്കുകളുടെ വിഭവശേഷി തകർക്കാനാണ് റിസർവ് ബാങ്ക് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അനധികൃതമായി രൂപീകരിക്കപ്പെട്ട സഹകരണസംഘങ്ങൾക്ക് അഫിലിയേഷൻ കൊടുക്കുന്നതിനുവേണ്ടിയാണ് ഭേദഗതി ബിൽ കൊണ്ടുവന്നിരിക്കുന്നത്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013- ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ജില്ലാസഹകരണബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കും 2013 ജൂൺ 30-ന് മുമ്പായി ഏറ്റവും കുറഞ്ഞത് നാലുശതമാനം Capital Risk-Weighted Asset Ratio (CRAR) ഉറപ്പാക്കുന്നതിനായി കേരള സർക്കാർ നിർദ്ദേശം പുറപ്പെടുവിക്കണമെന്ന റിസർവ് ബാങ്കിന്റെ ആവശ്യപ്രകാരം

ജില്ലാസഹകരണ ബാങ്കിന്റെ ഡെഫനിഷനിൽ വരുത്തുന്ന മാറ്റമാണ് ബില്ലിലെ 2-ാം വകുപ്പിലെ ഭേദഗതി. ഈ ഭേദഗതി ബിൽ കൊണ്ടുവന്നിരിക്കുന്നത് കോർപ്പറേറ്റുകളെ സംരക്ഷിക്കാനും സംസ്ഥാനത്തെ സഹകരണ ബാങ്കുകളെ തകർക്കാനുമാണെന്ന പ്രതിപക്ഷാംഗങ്ങളുടെ ആരോപണം പ്രതിഷേധാർഹമാണ്. നഷ്ടത്തിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളുടെ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുന്നതിനും സാമ്പത്തികമായി മിസ്മാനേജ്മെന്റ് നടത്തുന്ന സഹകരണ ബാങ്കുകളുടെമേൽ നിയന്ത്രണം ഏർപ്പെടുത്തുന്നതിനും ഉതകുന്ന തരത്തിലുള്ള ഒരു ബില്ലാണിത്. ബാങ്കുകളിൽ കാലാനുസൃതമായ മാറ്റം വരുത്തി അക്കൗണ്ടിംഗ് സമ്പ്രദായം ഫലപ്രദമാക്കണം. ഈ ബിൽ സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളുടെ സാമ്പത്തിക ഭദ്രത ഉറപ്പാക്കാനും അവയെ പുരോഗതിയിലേയ്ക്ക് നയിക്കാനും സഹായകമാകുന്ന രീതിയിൽ ഉപയോഗിക്കണം.

<u>ശ്രീ. എ. കെ. ബാലൻ</u> : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013-ലെ കേരള സഹകരണസംഘ (മൂന്നാം ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഈ ഭേദഗതികൾ ദുഷ്ടലാക്കോടുകൂടി കൊണ്ടുവന്നവയാണ്. ബാങ്കുകളുടെ മൂലധനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി അസോസിയേറ്റഡ് മെമ്പർമാരെയും നോമിനൽ മെമ്പർമാരെയും എങ്ങനെയാണ് പിഴിയാൻ പോകുന്നത് എന്നാണ് ഈ ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. ജില്ലാ ബാങ്കുകളുടെ വായ്പയ്ക്കും നിക്ഷേപത്തിനും ഇനിമുതൽ രണ്ട് ശതമാനം ഓഹരി എടുത്തിരിക്കണമെന്ന് നിബന്ധന ചെയ്തിട്ടുള്ള ഈ ബിൽ കൃഷിക്കാർക്കും സാധാരണ വായ്പയെ ആശ്രയിക്കുന്നവർക്കും എതിരാണ്. ജില്ലാ സഹകരണ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കും ഏറ്റവും

കുറഞ്ഞത് നാല് ശതമാനം സി.ആർ.എ.ആർ. ഉറപ്പാക്കണമെന്നാണ് ഈ ബില്ലിലെ ഉദ്ദേശ്യകാരണങ്ങളുടെ വിവരണത്തിൽ പറയുന്നത്. മൂലധനം വർദ്ധിപ്പിക്കുന്നതിനുള്ള ആർ.ബി.ഐ. നിർദ്ദേശം വായ്പയെടുക്കുന്ന കൃഷിക്കാരെയും പാവപ്പെട്ടവരെയും ദോഷകരമായി ബാധിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. കേരളത്തിലെ സഹകരണ പ്രസ്ഥാനത്തെ ഇത് ഏത് രീതിയിൽ ബാധിക്കുമെന്നത് സംബന്ധിച്ച് റിസർവ് ബാങ്കിനെ ബോധ്യപ്പെടുത്താൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് കഴിഞ്ഞിട്ടില്ല. ഈ പ്രശ്നം പരിഹരിക്കുന്നതിന് ജില്ലാ ബാങ്കുകൾക്ക് സർക്കാർ നൽകിക്കൊണ്ടിരിക്കുന്ന സാമ്പത്തിക സഹായം വർദ്ധിപ്പിക്കുന്നതിനെ സംബന്ധിച്ച് ആലോചിക്കണം. ബാങ്കുകളെയും ജനങ്ങളെയും സംരക്ഷിക്കാനാണ് ഈ ഭേദഗതി നിയമം എന്ന വാദം തികച്ചും തെറ്റാണ്. മൂലധന ശക്തികൾക്കായി കേരളത്തിലെ സഹകരണ മേഖലയെ എറിഞ്ഞുകൊടുക്കുന്ന പ്രവർത്തനമാണ് ആർ.ബി.ഐ.-യും നബാർഡും കൂടി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ലാഭം മാത്രം ലക്ഷ്യമാക്കിയുള്ള വാണിജ്യ ബാങ്കുകളുടെ അതേ അളവുകോൽവച്ച് സഹകരണ സ്ഥാപനങ്ങളെയും വറുതിയിലാക്കാനുള്ള ശ്രമത്തെ തിരുത്തിക്കാൻ ഭരണ-പ്രതിപക്ഷ ഭേദമെന്യേ മുൻകയ്യെടുക്കണം. ഇല്ലെങ്കിൽ കേരളത്തിലെ സഹകരണ പ്രസ്ഥാനം തകരും. സ്വകാര്യ-വാണിജ്യ ബാങ്കുകൾക്ക് സമാനമായി സഹകരണ ബാങ്കുകളും മൂലധന പര്യാപ്തത കൈവരിക്കണമെന്നാണ് ആർ.ബി.ഐ.യും നബാർഡും വ്യവസ്ഥ വച്ചിട്ടുള്ളത്. വാണിജ്യ ബാങ്കുകൾ മൂലധന പര്യാപ്തത കൈവരിക്കുന്നത് കേന്ദ്ര സർക്കാർ വർഷാവർഷം നൽകിവരുന്ന ബഡ്ജറ്റ് വിഹിതം കൊണ്ടാണെന്ന കാര്യം ആർ.ബി.ഐ.-യും നബാർഡും ബോധപൂർവ്വം മറച്ചുവയ്ക്കുകയാണ്.

സാധാരണ ജനങ്ങളുടെ ധനസ്ഥാപനമെന്ന നിലയിൽ സഹകരണ ബാങ്കുകൾക്ക് പ്രത്യേക മൂലധന പര്യാപ്തത മാനദണ്ഡത്തിന് ശ്രമിക്കുന്നതിനുപകരം ആർ.ബി.ഐ.-യുടെ നിർബന്ധത്തിന് കീഴടങ്ങുകയാണെങ്കിൽ അതിനാവശ്യമായ പണം ജില്ലാ സഹകരണ ബാങ്കുകൾക്ക് സംസ്ഥാന ബഡ്ജറ്റ് വിഹിതമായി നൽകണം. പ്രാഥമിക സംഘങ്ങൾക്ക് യാതൊരുവിധ സാമ്പത്തിക ഇടപാടുകളിലും പങ്കാളികളാകാൻ അവകാശമില്ലെന്ന നബാർഡിന്റെ നിർദ്ദേശം മറ്റൊരു രൂപത്തിൽ ഈ നിയമത്തിലൂടെ നടപ്പാക്കാനാണ് ശ്രമിക്കുന്നത്. ഓഹരിമൂലധന പര്യാപ്തതയുടെ പേരിൽ ത്രിതല സംവിധാനത്തിലെ പ്രാഥമിക തല സംവിധാനത്തെ ദുർബലമാക്കുന്ന നിലയിൽ സമീപ പ്രദേശങ്ങളിൽ ജില്ലാ സഹകരണ ബാങ്കുകൾ സ്ഥാപിച്ച് മൂലധനം വർദ്ധിപ്പിക്കുകയെന്നതാണ് പ്രധാന ഉദ്ദേശ്യം. വായ്പ എടുക്കുന്ന എല്ലാവർക്കും വോട്ടവകാശം എന്ന കപടതത്വം പറയുന്നവർ വായ്പക്കാരേയും നിക്ഷേപകരേയും ജില്ലാ ബാങ്കുകളിൽ അസോസ്സിയേറ്റഡ് അംഗങ്ങളായി പരിമിതപ്പെടുത്തിക്കൊണ്ട് അംഗങ്ങൾക്ക് ലാഭവിഹിതം നൽകുകയോ വോട്ടവകാശം നൽകുകയോ ചെയ്യാതെ ഇരട്ടത്താപ്പ് നയമാണ് ഭേദഗതി ബില്ലിലൂടെ കൊണ്ടുവന്നിരിക്കുന്നത്. നബാർഡ് സംസ്ഥാനത്തെ സഹകരണ മേഖലയോട് കാണിക്കുന്ന ഉദാരവൽക്കരണ നിലപാടിലെ സമീപനം തുറന്നുകാണിക്കാൻ സംസ്ഥാനം മുന്നിട്ടിറങ്ങണം. നബാർഡ്, ആർ.ബി.ഐ. പോലുള്ള സ്ഥാപനങ്ങൾ സഹകരണ പ്രസ്ഥാനത്തെ ക്രമാനുഗതമായി ഇല്ലാതാക്കുമെന്നതിന് നിയമത്തിന്റെ സാധുത്വം കൊടുക്കുന്നതാണ് ഭേദഗതി. നബാർഡ് സഹകരണ സ്ഥാപനങ്ങൾ വഴി നൽകിയിരുന്ന കാർഷിക വായ്പകളുടെ തോത് കുറച്ച് കാർഷിക മേഖലയെ തകർക്കാനുള്ള ശ്രമമാണ്

നടത്തുന്നത്. ത്രിതല വായ്പാമേഖലയുടെ ഘടനയിൽ മാറ്റം വരുത്താനുള്ള സംസ്ഥാനങ്ങളുടെ അധികാരം പ്രകാശ് ബക്ഷികമ്മിറ്റി റിപ്പോർട്ട് പ്രകാരം കവരാൻ ശ്രമിക്കുന്നത് ഭരണഘടനയോടുള്ള വെല്ലുവിളിയാണ്. സഹകരണ മേഖല ആർജ്ജിച്ചെടുത്ത വിശ്വാസം നഷ്ടപ്പെടുന്ന രൂപത്തിലുള്ള ഭേദഗതിയാണ്. സമസ്ത മേഖലകളിലും പ്രവർത്തിക്കുന്ന സഹകരണ പ്രസ്ഥാനത്തെ അറുതി വരുത്താനാണ് ശ്രമിക്കുന്നത്. കേന്ദ്ര ഗവൺമെന്റിനെതിരായ ശക്തമായ പ്രക്ഷോഭത്തിന് ഭരണപക്ഷ-പ്രതിപക്ഷ കക്ഷികൾ തയ്യാറാണ് എന്നതിന്റെ നാന്ദിയായി ഈ ബില്ലിനെ കാണണം.

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): കേരള സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കുകളും റിസർവ്വ് ബാങ്കിന്റെ നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ ബാധ്യസ്ഥമാണ്. സാമ്പത്തിക സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും അപ്രതീക്ഷിതമായ സാമ്പത്തിക തകർച്ച ഒഴിവാക്കുന്നതിനുമായി ബാങ്കുകളുടെ മൂലധന പര്യാപ്തത ഉറപ്പാക്കണമെന്ന് ആർ.ബി.ഐ. നിർദ്ദേശിച്ചിട്ടുണ്ട്. 31-03-2015-നകം നിർദ്ദിഷ്ട മൂലധന പര്യാപ്തത കൈവരിക്കാത്തപക്ഷം ബാങ്കുകളുടെ ലൈസൻസ് നഷ്ടപ്പെടുന്ന അവസ്ഥയുണ്ടാകും. കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ മൂലധന പര്യാപ്തത ഉറപ്പാക്കുന്നതിനായി സർക്കാർ തുക അനുവദിക്കുകയുണ്ടായെങ്കിലും തുക പൂർണ്ണമായും നൽകാൻ സർക്കാരിന് കഴിയില്ല. ജില്ലാ സഹകരണ ബാങ്കുകളുടെ ഇടപാടുകളുടെ നല്ലൊരു ശതമാനവും വ്യക്തിഗത ഇടപാടുകളാണ്. നിലവിൽ യാതൊരു ഓഹരിയും വ്യക്തികളിൽനിന്ന് വാങ്ങുന്നില്ല. വായ്പക്കാർക്ക് നാമമാത്ര ഓഹരി നൽകി ഇടപാടുകാരെ ബാങ്കുമായി കൂടുതൽ

ബന്ധപ്പെടുത്തുന്നതിനാണ് നിയമഭേദഗതിയിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. നാമമാത്ര അംഗത്വം നൽകുന്നവർക്ക് വോട്ടവകാശമോ വോട്ടവകാശമുള്ള അംഗങ്ങളുടെ അവകാശധികാരങ്ങളോ ഇല്ല. സഹകരണ ബാങ്കുകൾ മറ്റ് വാണിജ്യ-പൊതുമേഖല ബാങ്കുകളെ അപേക്ഷിച്ച് ആകർഷകമായ പലിശ നൽകുന്നതിനാലും അതാത് പ്രദേശത്തെ നിക്ഷേപങ്ങൾ ലഭിക്കുന്നതിനാലും നിക്ഷേപം വാണിജ്യ ബാങ്കുകളിലേയ്ക്ക് മാറുമെന്ന ആശങ്കയ്ക്ക് അടിസ്ഥാനവുമില്ല. വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ടും ബക്ഷികമ്മിറ്റി റിപ്പോർട്ടും സംബന്ധിച്ചുള്ള ആശങ്കയ്ക്ക് അടിസ്ഥാനമില്ല. ബക്ഷി കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നബാർഡ് നൽകിയ നിർദ്ദേശം സംസ്ഥാന സർക്കാർ സ്വീകരിച്ച നിലപാടിന്റെ അടിസ്ഥാനത്തിൽ പിൻവലിച്ചിട്ടുണ്ട്. ആദായ നികുതി വകുപ്പിന്റെ വ്യവസ്ഥകളിൽനിന്ന് ഇളവ് നൽകാൻ സംസ്ഥാന സർക്കാരിന് കഴിയില്ലെങ്കിലും സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. സഹകരണ വായ്പാ മേഖലയുടെ സംരക്ഷണത്തിനും നിലനിൽപ്പിനുമാണ് നിർദ്ദിഷ്ട നിയമഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. മൂലധന പര്യാപ്തത കൈവരിക്കാൻ കഴിയാതെ വന്നാൽ ബാങ്കുകളുടെ ലൈസൻസ് റദ്ദ് ചെയ്യപ്പെടുകയും തദ്വാരാ ബാങ്ക് എന്ന നിലയിലുള്ള പ്രവർത്തനം അസാധ്യമാകുകയും ചെയ്യും. ഈ സ്ഥിതി ഒഴിവാക്കുന്നതിനാണ് നിയമ ഭേദഗതി എന്നതിനാൽ നിരാകരണ പ്രമേയത്തിലും വിയോജനക്കുറിപ്പിലും പരാമർശിച്ച കാര്യങ്ങൾ വസ്തുതാപരമല്ലാത്തതിനാൽ പ്രമേയം പിൻവലിച്ച് നിയമ ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നിരാകരണ പ്രമേയം സഭ നിരാകരിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കുകയോ

ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

**രണ്ടാം വകുപ്പ്**

111, 112, 113 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

**മൂന്നാം വകുപ്പ്**

117-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം 52-നെതിരെ 67 വോട്ടുകളോടെ സഭ അംഗീകരിച്ചു.

**നാലാം വകുപ്പ്**

118-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

**അഞ്ചാം വകുപ്പ്**

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

119. For Sub-clause (1) of clause 5, the following sub-clause shall be substituted, namely:-

" The Kerala Co-operative Societies (Amendment) Ordinance, 2014 (1 of 2014) is hereby repealed" .

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**ഒന്നാം വകുപ്പും പീഠികയും പേരും**

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): 2013-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ .പി. കെ. അബ്ദുറബ്ബ്): പ്രമേത്തെ പിന്താങ്ങുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: 2013-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ബില്ലിന്റെ മൂന്നാം വകുപ്പ് അംഗീകരിക്കാൻ സാധിക്കില്ല. റിസർവ് ബാങ്കിന്റെ നിർദ്ദേശപ്രകാരം സർക്കാർ തീരുമാനം നടപ്പാക്കുന്നതിനുവേണ്ടിയാണ് ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. ജില്ലാ സഹകരണ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കുകളും നാല് ശതമാനം സി.ആർ.എ.ആർ. ഉറപ്പുവരുത്തുന്നതിനുള്ള നടപടിയുടെ ഭാഗമാണ് ഈ ഭേദഗതി. ഈ നിയമം നിലവിൽവന്നാൽ ജില്ലാ സഹകരണബാങ്കുകളിലെ നിക്ഷേപം കുറയുകയും വായ്പയെടുക്കുന്ന ആളുകൾക്ക് അധിക ബാധ്യതയുണ്ടാകുകയും ചെയ്യും. സഹകരണ ബാങ്കുകളെ തകർക്കാനും സ്വകാര്യ ബാങ്കുകളെ രക്ഷിക്കുന്നതിനുമാണ് റിസർവ് ബാങ്ക് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. സഹകരണ ബാങ്കുകളെ തകർക്കുന്ന ഈ ഭേദഗതി നിർദ്ദേശം പിൻവലിക്കാൻ തയ്യാറാകണം.

2013-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം 52-നെതിരെ 69 വോട്ടുകളോടെ സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## (2) 2013-ലെ സർവ്വകലാശാല നിയമങ്ങൾ (രണ്ടാം ഭേദഗതി) ബിൽ

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ .പി. കെ. അബ്ദുറബ്ബ്): സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ സർവ്വകലാശാല നിയമങ്ങൾ (രണ്ടാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): പ്രമേയത്തെ പിന്താങ്ങുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): വിയോജനക്കുറിപ്പിൽ സൂചിപ്പിച്ചിരിക്കുന്നതു പോലെ കേരള, മഹാത്മാഗാന്ധി, കോഴിക്കോട്, നിയമ സർവ്വകലാശാലകളിൽക്കൂടി അദ്ധ്യാപക-അനദ്ധ്യാപക നിയമനങ്ങളിലെ സംവരണം സംബന്ധിച്ച നിയമ ഭേദഗതി കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ശ്രീമതി ഇ. എസ്. ബിജിമോൾ: I move that-'This House resolves to disapprove The University Laws (Second Amendment) Ordinance, 2014 (Ordinance No. 3 of 2014)" . സംസ്കാരത്തിന്റെ ഭാഗവും രാജ്യത്തിന്റെ വളർച്ചയുടെ പ്രതിഫലനവുമായിരുന്ന വിദ്യാഭ്യാസം ഇന്ന് വ്യവസായമായി മാറിയിരിക്കുകയാണ്. വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഗൗരവമായി പരിഗണിക്കപ്പെടുന്നില്ല. വിദ്യാഭ്യാസത്തിന്റെ വളർച്ച ശരിയായ ദിശയിലല്ല. രാജ്യത്തിന്റെ ഭാവി രൂപപ്പെടുത്തുകയും സംസ്കാരം സൃഷ്ടിക്കുകയും ചെയ്യുന്നതിൽ വിദ്യാഭ്യാസത്തിനുള്ള പങ്ക് വളരെ വലുതാണ്. ഉന്നത വിദ്യാഭ്യാസ യോഗ്യതയുള്ള, ജോലി ലഭിക്കാത്ത ആളുകളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. വിദ്യാഭ്യാസ വായ്പയുമായി ബന്ധപ്പെട്ട് ഒട്ടനവധി പ്രശ്നങ്ങൾ

നിലനിൽക്കുന്നുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്ന കൊള്ള അവസാനിപ്പിക്കുന്നതിനും വിദ്യാഭ്യാസ ലോബിയുടെ പിടിയിൽനിന്ന് മോചനം ലഭിക്കുന്നതിനും ഇടപെടൽ നടത്തണം. ഉന്നത വിദ്യാഭ്യാസ മേഖലയിൽ പ്രവേശനം ലഭിച്ച ഒരു വിദ്യാർത്ഥിക്ക് അനാരോഗ്യംമൂലം പഠനം തുടരാൻ സാധിക്കാതെ വന്നാൽ അടച്ച ഫീസോ സർട്ടിഫിക്കറ്റോ തിരിച്ചുകൊടുക്കാൻ സ്വകാര്യ മാനേജ്മെന്റുകൾ തയ്യാറാകുന്നില്ല.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സെൽഫ് ഫിനാൻസിംഗ് കോളേജുകളുടെ പ്രോസ്പെക്ടസിൽ കോഴ്സ് ഡിസ്കണ്ടിന്യൂ ചെയ്താൽ ലിക്വിഡ് ഡാമേജസ് വാങ്ങുന്നതിനെ സംബന്ധിച്ച് പറയുന്നുണ്ട്. നിലവിലുള്ള നിയമം മാറ്റുന്നത് സംബന്ധിച്ച് ആലോചിക്കാവുന്നതാണ്.

ശ്രീമതി ഇ. എസ്. ബിജി മോൾ: നിലവിലുള്ള നിയമത്തിൽ ഭേദഗതി വരുത്തുന്നതിന് ക്രിയാത്മകമായ ഇടപെടൽ ഉണ്ടാകണം. പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്തും സൗജന്യ വിദ്യാഭ്യാസം എന്ന ആശയം കൊണ്ടുവരേണ്ടതുണ്ട്. അർഹമായ വിദ്യാഭ്യാസം വിദ്യാർത്ഥികൾക്ക് നൽകുന്നതിന് സർക്കാർ ഇടപെടണം. സർവ്വകലാശാലകളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും മെച്ചപ്പെട്ട കരിക്കുലം നടപ്പിലാക്കുന്നതിനും ഗവൺമെന്റിന് ഇടപെടാൻ കഴിയുന്ന സാഹചര്യത്തിൽ വിദേശ സർവ്വകലാശാലകളെ സംസ്ഥാനത്തേയ്ക്ക് ക്ഷണിച്ചുവരുത്തുന്ന നടപടിയെക്കുറിച്ച് ഗവൺമെന്റ് നിലപാട് വ്യക്തമാക്കണം. വിദേശ സർവ്വകലാശാലകൾ അനുവദിക്കുന്നതിൽ ജാഗ്രത പുലർത്തിയില്ലെങ്കിൽ മെച്ചപ്പെട്ട നിലവാരം കാഴ്ചവയ്ക്കുന്ന വിദ്യാർത്ഥികൾ ഹൈജാക്ക് ചെയ്യപ്പെടുന്ന സ്ഥിതിവിശേഷം ഉണ്ടാകും. സംസ്ഥാനത്തെ പതിമൂന്ന്

കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകിയതിനുള്ള മാനദണ്ഡം വ്യക്തമാക്കണം. പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് നടക്കുന്ന കൊള്ള സംബന്ധിച്ച് ഗൗരവതരമായി ചർച്ചചെയ്യണം. 'RUSA' ഉൾപ്പെടെയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിലും ആനുകൂല്യങ്ങൾ നേടിയെടുത്ത് സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതിലും കൂടുതൽ കാര്യക്ഷമതയുണ്ടാകണം. അനർഹർ ആനുകൂല്യങ്ങൾ നേടിയെടുത്തിട്ടുണ്ടോയെന്ന് പരിശോധിക്കണം.

<u>ശ്രീ. എ. എം. ആരിഫ്</u>: പ്രമേയത്തെ പിന്താങ്ങുന്നു. കൊച്ചി ശാസ്ത്ര സാങ്കേതികശാസ്ത്ര സർവ്വകലാശാലയിലും മലയാള സർവ്വകലാശാലയിലും അദ്ധ്യപക-അനദ്ധ്യാപക തസ്തികകളിലേയ്ക്കുള്ള ഒഴിവുകൾ നികത്തുമ്പോൾ എല്ലാ വകുപ്പുകളും ഒരു യൂണിറ്റായി പരിഗണിച്ച് കാറ്റഗറി തിരിച്ച് സാമുദായിക സംവരണം അനുസരിച്ച് നടത്തുവാനുള്ള ഭേദഗതിയോട് തത്വത്തിൽ യോജിക്കുന്നു. കേരള, കാലിക്കറ്റ്, എം.ജി. സർവ്വകലാശാലകളിൽക്കൂടി ഇത് നടപ്പാക്കണം. അവസര സമത്വം യാഥാർത്ഥ്യമാക്കുന്നതിനായി കൊണ്ടുവന്ന സംവരണതത്വം പാലിക്കണം.

<u>ഡോ. കെ. ടി. ജലീൽ</u> : വിയോജിപ്പ് രേഖപ്പെടുത്തുന്നു. കാലിക്കറ്റ് സർവ്വകലാശാല സിൻഡിക്കേറ്റിലേയ്ക്ക് എക്സ്പെർട്ടായ 4 പേരെ നോമിനേറ്റ് ചെയ്യാനാണ് ചാൻസലർക്ക് അധികാരമുണ്ടായിരുന്നത്. അത് ആറ് പേരെയാക്കി ഉയർത്താനുള്ള ഭേദഗതിയാണ് കൊണ്ടുവന്നിട്ടുള്ളത്.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: വിയോജനക്കുറിപ്പിന്റെ അടിസ്ഥാനത്തിൽ ബില്ലിൽ ആവശ്യമായ ഭേദഗതി വരുത്തിയ ബഹു. മന്ത്രിയുടെ നിലപാടിനെ സ്വാഗതം ചെയ്യുന്നു.

വിദ്യാഭ്യാസരംഗം അഭിമുഖീകരിക്കുന്ന വിഷയങ്ങൾ സജീവമായ ചർച്ചയ്ക്ക് വിധേയമാക്കണം. വിദ്യാഭ്യാസരംഗത്ത് താഴെതലം മുതൽ നിലനിൽക്കുന്ന നിലവാരത്തകർച്ചയെക്കുറിച്ച് ഗൗരവമായി ആലോചിക്കണം. സർക്കാർ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾ യാതൊന്നിനും കൊള്ളാത്തവരാണെന്ന ധാരണ പരത്തുന്ന നീക്കം പൊതുവിദ്യാഭ്യാസ മേഖലയ്ക്ക് ഒട്ടും ഭൂഷണമല്ല. തീരദേശ-വനമേഖലകളിൽ അക്ഷരാഭ്യാസം ഇല്ലാത്തവർക്കുവേണ്ടി ആരംഭിച്ച ഏകാധ്യാപക വിദ്യാലയങ്ങളിലെ ഇൻസ്ട്രക്ടർമാർക്ക് നൽകുന്ന വേതനം 3000 രൂപ മാത്രമാണ്. സംസ്ഥാനത്ത് അധികമുള്ള അദ്ധ്യാപകരെ ഇത്തരം സ്ഥാപനങ്ങളിലേയ്ക്ക് അയക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. രാഷ്ട്രീയ ഉച്ചദാർ ശിക്ഷാ അഭിയാൻ (റൂസ) എന്ന പേരിൽ കേന്ദ്ര ഗവൺമെന്റ് നടപ്പാക്കുന്ന പദ്ധതിയനുസരിച്ച് സംസ്ഥാനത്തെ കോളേജുകൾക്ക് ലഭിക്കേണ്ട ഫണ്ട് ലഭ്യമാക്കുന്നതിനുള്ള തടസം ഒഴിവാക്കണം.

<u>ശ്രീ. ടി. വി. രാജേഷ്</u> : വിയോജിപ്പ് രേഖപ്പെടുത്തുന്നു. ക്രിയാത്മകമായ നിർദ്ദേശങ്ങൾ കൂടി ഉൾക്കൊള്ളിച്ചുകൊണ്ട് ഭേദഗതി കൊണ്ടുവന്നത് സ്വാഗതാർഹമാണ്. സർവ്വകലാശാലകളിലെ വൈസ് ചാൻസലർമാർക്കെതിരെ ഉയർന്നുവന്നിട്ടുള്ള ആരോപണങ്ങളെക്കുറിച്ച് അന്വേഷിക്കാൻ ഗവൺമെന്റ് തയ്യാറാകണം. സ്വയംഭരണവുമായി ബന്ധപ്പെട്ട വിഷയം കേരളത്തിലെ അക്കാഡമിക് സമൂഹത്തിന് മുമ്പിൽ തുറന്ന ചർച്ചയ്ക്ക് വിധേയമാക്കണം.

<u>ശ്രീ. ടി. എൻ. പ്രതാപൻ</u> : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013-ലെ സർവ്വകലാശാല നിയമങ്ങൾ (രണ്ടാം ഭേദഗതി) ബിൽ പൊതുജനാഭിപ്രായം

നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സർവ്വകലാശാലാ നിയമനങ്ങളിൽ ശരിയായ രീതിയിൽ സംവരണതത്വം പാലിച്ചിട്ടില്ല. സർവ്വകലാശാലകളുടെ വിശ്വാസ്യതയെ ചോദ്യം ചെയ്യുന്ന രീതിയിലാണ് അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിൽ നിയമനങ്ങൾ നടത്തുന്നത്. സംസ്ഥാനത്തെ സർവ്വകലാശാലകളിൽ വൈസ് ചാൻസിലർമാരെ നിയമിക്കുമ്പോൾ അവരുടെ ക്വാളിറ്റിക്ക് പ്രാധാന്യം നൽകണം. വിദ്യാഭ്യാസപരമായ ഉയർന്ന യോഗ്യതകളാണ് വൈസ് ചാൻസിലർ നിയമനത്തിന് മാനദണ്ഡമാക്കേണ്ടത്. നിയമനങ്ങളുമായി ബന്ധപ്പെട്ടുയരുന്ന വിവാദങ്ങൾ സർവ്വകലാശാലകളുടെ വിശ്വാസ്യതയെ തകർക്കും. വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരമുയർത്തുന്നതിനാവശ്യമായ ചർച്ചകൾക്കു പകരം അദ്ധ്യാപകരുടെയും ജീവനക്കാരുടെയും പ്രശ്നങ്ങളാണ് സർവ്വകലാശാലകളിൽ ചർച്ച ചെയ്യുന്നത്. സർവ്വകലാശാല സെനറ്റുകളും സിൻഡിക്കേറ്റുകളും നിയമങ്ങളുടെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് റീസെറ്റ് ചെയ്യുന്ന കാര്യം ആലോചിക്കണം. പരീക്ഷകൾ സമയബന്ധിതമായി നടത്തുന്നതിന് അക്കാഡമിക് കലണ്ടറുണ്ടാക്കുകയും കൃത്യമായി നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യണം. കോളേജുകൾക്ക് സ്വയംഭരണാവകാശം കൊടുക്കുന്നത് വളരെ സൂക്ഷ്മതയോടുകൂടിയായിരിക്കണം. സർവ്വകലാശാലകളിലെ അദ്ധ്യാപക-അനദ്ധ്യാപക നിയമനങ്ങൾ പി.എസ്.സി.ക്ക് വിടണം .

<u>ശ്രീ. ജി. സുധാകരൻ</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013-ലെ സർവ്വകലാശാല നിയമങ്ങൾ (രണ്ടാം ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സർവ്വകലാശാലയുടെ

ഉദ്ദേശ്യലക്ഷ്യങ്ങൾ മനസ്സിലാക്കാതെ പുതിയ സർവ്വകലാശാലകൾക്കു വേണ്ടി വാദിക്കുന്ന മനോഭാവം മാറണം. വിവിധ മേഖലകളിൽ വിദഗ്ദ്ധരെ സൃഷ്ടിക്കുക എന്നുള്ളതാണ് സർവ്വകലാശാലകളുടെ ധർമ്മം. വൈജ്ഞാനികമായ ഉദ്ഗ്രഥനത്തിനുവേണ്ടിയാണ് യൂണിവേഴ്സിറ്റികൾ. യൂണിവേഴ്സിറ്റി സെനറ്റിൽ യോഗ്യരെ മാത്രമേ നിയമിക്കാൻ പാടുള്ളൂ. ജാതിയുടെയും രാഷ്ട്രീയത്തിന്റെയും അടിസ്ഥാനത്തിൽ വി.സി.-മാരെ നിയമിക്കാൻ പാടില്ല. യൂണിവേഴ്സിറ്റിയുടെ സ്വയംഭരണാധികാരം ഉറപ്പിക്കാനാണ് കൗൺസിലും സെനറ്റും സിൻഡിക്കേറ്റുമെല്ലാമുള്ളത്. വർഷങ്ങളായി യൂണിവേഴ്സിറ്റികളുടെ സ്വയംഭരണാധികാരം ഗവൺമെന്റ് കവർന്നെടുത്തിരിക്കുകയാണ്. അദ്ധ്യാപകരെ നിയമിക്കുന്നതിനുണ്ടായിരുന്ന യൂണിവേഴ്സിറ്റികളുടെ അധികാരം തിരിച്ചുകൊടുക്കണം. യൂണിവേഴ്സിറ്റികളിലെ അദ്ധ്യാപകേതര ജീവനക്കാരുടെ നിയമനം പി.എസ്.സി.-ക്കുവിട്ട നടപടിയോട് പൂർണ്ണമായും യോജിക്കുന്നു. സ്വയംഭരണാവകാശം നൽകുന്ന എല്ലാ യൂണിവേഴ്സിറ്റികളിലെയും നിയമനം പി.എസ്.സി. വഴിയാക്കണം. സംവരണ വിരോധം ഉന്നത വിദ്യാഭ്യാസ മേഖലയിൽ കൂടിവരികയാണ്. സർവ്വകലാശാലകളിലെ നിയമനങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് അർഹമായ പ്രാതിനിധ്യമുണ്ടാകണം. മെച്ചപ്പെട്ട സർക്കാർ സ്കൂളുകളെയും കോളേജുകളെയും തരംതാഴ്ത്താൻ പാടില്ല. എയ്ഡഡ് സ്കൂളുകളിലെയും കോളേജുകളിലെയും നിയമനങ്ങൾ പി.എസ്.സി.ക്ക് വിടണം. സർവ്വകലാശാലകളെ അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് അനുസൃതമായി പ്രവർത്തിപ്പിക്കാൻ സർക്കാർ ഇടപെടുകയും അനാവശ്യമായ ഇടപെടലുകൾ ഒഴിവാക്കുകയും ചെയ്യണം.

നിരാകരണ പ്രമേയം സഭ നിരാകരിച്ചു.

ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെടുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013-ലെ സർവ്വകലാശാല നിയമങ്ങൾ (രണ്ടാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

## <u>രണ്ടാം വകുപ്പ്</u>

111, 112 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

## <u>മൂന്നാം വകുപ്പ്</u>

114,115,116 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

## <u>നാലാം വകുപ്പ്</u>

117, 118 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി മന്ത്രി അവതരിപ്പിച്ചു.

120. 4-ാം ഖണ്ഡത്തിൽ, (1)-ാം ഉപഖണ്ഡത്തിനു പകരം താഴെ പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:-

" (1) 2014-ലെ സർവ്വകലാശാല നിയമങ്ങൾ (രണ്ടാം ഭേദഗതി) ഓർഡിനൻസ് ( 2014-ലെ 3) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു." .

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## <u>പീഠിക</u>

108, 109, 110, എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി മന്ത്രി അവതരിപ്പിച്ചു.

119. പീഠികയിൽ, രണ്ടാം ഖണ്ഡികയിൽ "അറുപത്തി നാലാം" എന്ന വാക്കുകൾക്കു പകരം "അറുപത്തിയഞ്ചാം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള പീഠിക ബില്ലിന്റെ ഭാഗമായി.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>ശ്രീ. പി.കെ. അബ്ദു റബ്ബ്</u>): 2013-ലെ സർവ്വകലാശാല നിയമങ്ങൾ (രണ്ടാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി (<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>): പ്രമേയത്തെ പിന്താങ്ങുന്നു.

2013-ലെ സർവ്വകലാശാല നിയമങ്ങൾ (രണ്ടാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

സഭ വൈകുന്നേരം 5.28-ന് പിരിഞ്ഞു.

******************